**അനുബന്ധം-4**

## മർഗനിർദ്ദേശ കുറിപ്പുകൾ- ഉപഭോക്താക്കൾ ചെയ്യേണ്ടതും ചെയ്യരുതാത്തവയും

**ചെയ്യേണ്ടവ**

1. എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ മെമ്പർമാരുമായി (Members / Stock Brokers) മാത്രം ഇടപാടുകൾ നടത്തുക. എക്സ്ചേഞ്ചിൽ മെമ്പർ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ടോയെന്ന് മനസ്സിലാക്കുന്നതിനായി ചുവടെയുള്ള ........................................... ലിങ്കിൽ എക്സ്ചേഞ്ച് വെബ്സൈറ്റ് പരിശോധിക്കുക.
2. നിങ്ങൾ ട്രേഡിംഗ് ആരംഭിക്കുന്നതിന് മുമ്പ്, സ്റ്റാൻഡേർഡ് "നിങ്ങളുടെ ഉപഭോക്താക്കളെ അറിയുക (KYC)" ഫോം പൂരിപ്പിക്കാന് നിർബന്ധിക്കുക.
3. യുണീക്ക് ക്ലയന്റ് (client / investor) കോഡ് (UCC) ലഭ്യമാക്കാൻ നിർബന്ധിക്കുകയും നിങ്ങളുടെ എല്ലാ വ്യാപാരവും സൂചിപ്പിച്ച UCC പ്രകാരം നടത്തുന്നുവെന്നും ഉറപ്പുവരുത്തുക.
4. ഒരു സ്റ്റാൻഡേർഡ് 'റിസ്ക് ഡിസ്ക്ലോഷര് എഗ്രിമെന്റ്' വായിച്ച് ഒപ്പ് വയ്ക്കുക.
5. നിങ്ങളുടെ KYC ഒപ്പം/അല്ലെങ്കിൽ മെമ്പറുമായി നിങ്ങൾ ഏർപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും രേഖകളുടെ ഒരു പകർപ്പ് മെമ്പറിൽ നിന്നും വാങ്ങുക.
6. എക്സ്ചേഞ്ച് വെബ്സൈറ്റിന്റെ ചുവടെയുള്ള ........................................... ലിങ്കിൽ ലഭ്യമായ ട്രേഡ് വെരിഫിക്കേഷൻ സൗകര്യം ഉപയോഗിച്ച് എക്സ്ചേഞ്ചിൽ നടത്തുന്ന വ്യാപാരങ്ങളുടെ വാസ്തവം പരിശോധിക്കുക. വ്യപാരം നടന്ന തീയതി മുതൽ 5 ദിവസത്തേക്ക് ലഭ്യമായ വ്യാപാര വിവരങ്ങൾ ട്രേഡര്ക്ക് ഓൺലൈനിൽ പരിശോധിക്കാൻ സാധിക്കുന്നതാണ്.
7. വ്യാപാരം നടന്ന് 24 മണിക്കൂറിനുള്ളില്, നിങ്ങളുടെ UCC സഹിതം വ്യാപാരത്തിന്റെ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള ഓരോ വ്യാപാരത്തിന്റെയും വിശദാംശങ്ങൾ യഥാസമയം ഒപ്പുവച്ച നിർദിഷ്ട ഫോർമാറ്റിലുള്ള കോൺട്രാക്റ്റ് നോട്ട് ആവശ്യപ്പെടുക.
8. മെമ്പറുടെ രജിസ്ട്രേഷൻ നമ്പർ, ഓർഡർ നമ്പർ, ഓർഡർ തീയതി, ഓർഡർ സമയം, ട്രേഡ് നമ്പർ, ട്രേഡ് നിരക്ക്, ക്വാണ്ടിറ്റി, ആര്ബിട്രേഷന് ക്ലോസ് തുടങ്ങിയ പോലുള്ള എല്ലാ പ്രസക്തമായ വിവരങ്ങളും കോൺട്രാക്റ്റ് നോട്ടിൽ അടങ്ങിയിട്ടുണ്ടെന്ന് ഉറപ്പാക്കുക
9. മാർജിനില് മെമ്പർ നിക്ഷേപിച്ചിട്ടുള്ള ഈടിന്റെ രസീത് വാങ്ങുക
10. നിങ്ങളുടെയും അതുപോലെ മെമ്പറുടെയും അവകാശങ്ങളും ചുമതലകളും മനസിലാക്കുന്നതിന് എക്സ്ചേഞ്ച്, അതുപോലെ റെഗുലേറ്റർമാർ, സർക്കാർ, മറ്റ് അധികാരികൾ പുറപ്പെടുവിച്ചിട്ടുള്ള നിയമങ്ങൾ, ബൈ-ലാസ്, നിയന്ത്രണങ്ങൾ സർക്കുലറുകൾ, നിർദ്ദേശങ്ങൾ, അറിയിപ്പുകള് എന്നിവ പരിശോധിക്കുക.
11. ഇടപാടുകൾക്ക് മുമ്പ് ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങളും മെമ്പറോട് ചോദിച്ച് നിങ്ങളുടെ സംശയങ്ങൾ ദുരീകരിക്കേണ്ടതാണ്.

12. ഓരോ സെറ്റിൽമെന്റിന്റെയും ബില്ലുകൾ നൽകുവാൻ ആവശ്യപ്പെടുക
13. നിങ്ങളുടെ ലെഡ്ജർ അക്കൗണ്ടിന്റെ പ്രതിമാസ സെറ്റിൽമെന്റ് ആവശ്യപ്പെടുകയും സെറ്റിൽമെന്റിൽ ഏതെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ 7 പ്രവർത്തി ദിവസത്തിനുള്ളിൽ നിങ്ങളുടെ മെമ്പറോട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്. തൃപ്തികരമല്ലാത്ത പ്രതകരണം ഉണ്ടാകുന്ന പക്ഷം കാരണമായ തീയതി മുതൽ 15 പ്രവർത്തി ദിവസങ്ങളിൽ തെറ്റുകൾ എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
14. നിങ്ങളുടെ ഡിപോസിറ്ററി പാർട്ടിസിപ്പന്റില് നിന്നും ലഭിക്കുന്ന ഇടപാട് & ഹോൾഡിംഗ് സ്റ്റേറ്റ്മെന്റുകൾ സൂക്ഷ്മമായി പരിശോധിക്കുക.
15. DPs പുറപ്പെടുവിക്കുന്ന ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്സ് (DIS) സുരക്ഷിതമായി സൂക്ഷിക്കുക
16. ഈ DIS നമ്പർ പ്രീപ്രിന്റ് ചെയ്തതാണെന്നും നിങ്ങളുടെ അക്കൌണ്ട് നമ്പർ (UCC) DIS ബുക്കിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തുക.
17. നിങ്ങളുടെ സാന്നിദ്ധ്യം ദീർഘനാൾ ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ നിങ്ങളുടെ അക്കൌണ്ട് നിങ്ങൾ പതിവായി ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് മരവിപ്പിക്കുക
18. ആവശ്യമായ മാർജിൻ യഥാസമയം ചെക്ക് മുഖേന മാത്രം അടയ്ക്കുകയും അതിന്റെ രസീത് മെമ്പറില് നിന്നും വാങ്ങുകയും ചെയ്യുക.
19. വിൽപ്പനയാണെങ്കില് നിർദ്ദിഷ്ട സമയത്തിനുള്ളിൽ കമ്മോഡിറ്റി ഡെലിവറി ചെയ്യുകയും അല്ലെങ്കിൽ വാങ്ങൽ ആണെങ്കിൽ പണം നൽകുകയും ചെയ്യുക
20. ഡെറിവേറ്റീവുകള്ക്ക് വേണ്ടിയുള്ള അക്കൌണ്ടിംഗ് സ്റ്റാൻഡേർഡ് മനസ്സിലാക്കുകയും അനുസരിക്കുകയും ചെയ്യുക.
21. നിങ്ങളും മെമ്പറും തമ്മിലെ ഏർപ്പെട്ടിട്ടുള്ള സന്നദ്ധ കരാറുകൾ വായിച്ച് മനസ്സിലാക്കിയതായി ഉറപ്പുവരുത്തുകയും തുടർന്ന് ഒപ്പ് വയ്ക്കുകയും ചെയ്യുക. നിങ്ങളും മെമ്പറും തമ്മിൽ സമ്മതിച്ച് ഉറപ്പിച്ച കരാർ നിങ്ങളുടെ സമ്മതമില്ലാതെ മാറ്റാൻ കഴിയില്ല.
22. ബ്രോക്കറേജ്, കമ്മീഷനുകൾ, ഫീസ്, നിങ്ങളുടെ വ്യാപാരത്തിൽ മെമ്പറും SEBI കമ്മോഡിറ്റി എക്സ്ചേഞ്ചുകൾ വ്യക്തമാക്കിയിട്ടുള്ള പ്രസക്തമായ വ്യവസ്ഥകൾ / മാർഗ നിങ്ങൾ ചുമത്തുന്ന മറ്റ് നിരക്കുകൾ എന്നിവയെപ്പറ്റി വ്യക്തമായ ധാരണ ഉണ്ടാക്കുക
23. മെമ്പറുടെ പേരിൽ അക്കൗണ്ട് പേയി ചെക്ക് ആയി പേയ്മെന്റുകൾ നടത്തുക. നിങ്ങൾ പ്രസ്തുത തീയതി, കമ്മോഡിറ്റി, അളവ്, ബാങ്ക് / ഡീമാറ്റ് അക്കൗണ്ടിൽ അത്തരം പണം അല്ലെങ്കിൽ കമ്മോഡിറ്റി നിക്ഷേപിക്കുന്നതിൽ ബാങ്ക് / ഡീമാറ്റ് അക്കൌണ്ടിൽ നിന്നും ലഭിക്കുന്ന തെളിവ് രേഖകൾ (വെയർഹൗസ് രസീതിന്റെ രൂപത്തിലുള്ളവ) നിങ്ങളുടെ പക്കൽ ഉണ്ടെന്ന് ഉറപ്പുവരുത്തുക
24. ഫണ്ടുകളുടെ പേഔട്ട് അല്ലെങ്കിൽ കമ്മോഡിറ്റിയുടെ ഡെലിവറി എക്സ്ചേഞ്ചിൽ നിന്നും പേഔട്ട് ലഭിച്ച് ഒരു പ്രവർത്തിദിനങ്ങൾക്കുള്ളിൽ നിങ്ങൾക്ക് ചെയ്യുകയില്ല, ഈ സാഹചര്യത്തിൽ അക്കൌണ്ട് പരിപാലിക്കുന്നതിനുള്ള അധികാരം നിങ്ങൾ മെമ്പരിന് നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് മെമ്പർക്ക് നിങ്ങൾ

നൽകുന്ന അക്കൌണ്ട് അധികാരപ്പെടുത്തൽ ചുവടെയുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും:

a. നിങ്ങളിൽ നിന്നുള്ള ഇത്തരമൊരു അധികാരപ്പെടുത്തല് നിങ്ങൾക്ക് മാത്രം തീയതിവച്ച് ഒപ്പിടാവുന്നതും എപ്പോൾ വേണമെങ്കിലും നിങ്ങൾക്ക് അത് റദ്ദാക്കാനാവുമെന്ന കരാർ ഉൾപ്പെടുന്നതുമാണ്.

b. സ്റ്റേറ്റ്മെൻറ് ഓഫ് അക്കൌണ്ടില് നിന്നും ഉണ്ടാകാവുന്ന ഏതൊരു തർക്കങ്ങളും ഫണ്ടുകൾ / തർക്കങ്ങൾ അല്ലെങ്കിൽ സ്റ്റേറ്റ്മെൻറ് ലഭിച്ച് 7 പ്രവർത്തി ദിനങ്ങൾക്കുള്ളിൽ മെമ്പറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. തർക്കം ഉണ്ടാകുന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ട കമ്മോഡിറ്റി എക്സ്ചേഞ്ചിൻ്റെ പരാതി പരിഹാര സെല്ലിൽ നിക്ഷേപകർ കാലതാമസം കൂടാതെ രേഖാമൂലം വിഷയം അവതരിപ്പിക്കേണ്ടതാണ്.

c. നിങ്ങൾ റണ്ണിംഗ് അക്കൌണ്ട് പരിപാലിക്കാൻ തിരഞ്ഞെടുക്കാതിരിക്കുകയും എക്സ്ചേഞ്ചില് നിന്നും പേ-ഔട്ട് സ്വീകരിച്ച് അടുത്ത പ്രവര്ത്തി ദിവസത്തിൽ പേ-ഔട്ട് സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, വിഷയം മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുക. ഒരു തർക്കം ഉണ്ടാകുന്ന സാഹചര്യത്തിൽ, , ബന്ധപ്പെട്ട കമ്മോഡിറ്റി എക്സ്ചേഞ്ചിൻ്റെ പരാതി പരിഹാര സെല്ലിൽ നിക്ഷേപകർ ഉടനടി രേഖാമൂലം വിഷയം അവതരിപ്പിക്കേണ്ടതാണ്

d. വ്യാപാര ദിവസത്തിൻ്റെ അവസാനം കമ്മോഡിറ്റി എക്സ്ചേഞ്ചിൽ നിന്നും SMS അല്ലെങ്കിൽ ഇമെയിൽ മുഖേന ട്രേഡ് സ്ഥിരീകരണ അലർട്ടുകൾ / ഇടപാടുകളുടെ വിശദാംശങ്ങൾ ലഭിക്കുന്നതിന് നിങ്ങളുടെ മൊബൈൽ നമ്പറും ഇമെയിൽ ഐഡിയും മെമ്പരില് രജിസ്റ്റർ ചെയ്യുക.

25. നിങ്ങളുടെ ബ്രോക്കറുടെ പക്കൽ നിങ്ങൾ നിക്ഷേപിച്ച പണത്തിന് അല്ലെങ്കിൽ സ്വത്തുക്കൾക്ക് പ്രത്യേകിച്ച് കമ്മോഡിറ്റി ഡെറിവേറ്റീവ് (Commodity Derivatives) മാർക്കറ്റിൽ വീഴ്ചകൾ സംഭവിക്കുകയോ അല്ലെങ്കിൽ മെമ്പർ പാപ്പരാകുകയോ അല്ലെങ്കിൽ കടക്കാരനാകുകയോ ചെയ്യുന്ന സാഹചര്യത്തില് സ്വീകാര്യമായ സുരക്ഷയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കണം

26. മെമ്പറിൽ അത്തരം പണം അല്ലെങ്കിൽ കമ്മോഡിറ്റി നിക്ഷേപിക്കുന്നതില് അത്തരം പണം അല്ലെങ്കിൽ കമ്മോഡിറ്റി നിക്ഷേപിക്കുന്നത് ഏത് അക്കൌണ്ടിൽ ആണെന്ന് സൂചിപ്പിച്ചുകൊണ്ടുള്ള ഒരു തെളിവ് രേഖ ദയവായി ഉറപ്പുവരുത്തേണ്ടതാണ്.

27. നിങ്ങളുടെ പ്രശ്നത്തിൽ/ ആവലാതിയിൽ ബന്ധപ്പെട്ട മെമ്പർ/ അംഗീകൃത വ്യക്തി (Authorized Persons) പരിഹാരം കണ്ടെത്തിയില്ലെങ്കിൽ, ഈ

വിഷയം നിങ്ങൾ ബന്ധപ്പെട്ട സ്റ്റോക് എക്സ്ചേഞ്ചിൽ അറിയിക്കേണ്ടതാണ്. നിങ്ങളുടെ പരാതിയിലെ പ്രതികരണത്തിൽ നിങ്ങൾ തൃപ്തരല്ലെങ്കിൽ ഈ വിഷയം നിങ്ങൾക്ക് പരാതിയായി SEBI യെ അറിയിക്കാവുന്നതാണ്

**ചെയ്യരുതാത്തവ**

1. രജിസ്റ്റർ ചെയ്യാത്ത ഏതെങ്കിലും ഇടനിലക്കാരുമായി ഇടപാടുകൾ നടത്തരുത്.
2. ഓഫ് മാർക്കറ്റ് ഇടപാടുകൾ നിയമവിരുദ്ധവും എക്സ്ചേഞ്ചിന്റെ അധികാര പരിധിയ്ക്ക് പുറത്തും ആയതിനാൽ ഇത്തരം ഇടപാടുകൾ നടത്തരുത്.
3. ഏതെങ്കിലും മെമ്പറുമായി ഉറപ്പുള്ള ആദായങ്ങളില് ഏർപ്പെടരുത്.
4. പരസ്യങ്ങൾ, കിംവദന്തികൾ, ടിപ്സുകൾ, ആദായത്തില് പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള ഉറപ്പുകൾ എന്നിവയിൽ പ്രലോഭിക്കപ്പെട്ട് ഇടപാടുകൾ നടത്തരുത്.
5. മെമ്പറുമായി മാർജ്ജിൻ, സെറ്റിൽമെന്റിലെക്കായി പണം സ്വീകരിക്കുകയോ നൽകുകയോ ചെയ്യരുത് .
6. റിസ്ക് ഡിസ്ക്ലോഷർ എഗ്രിമെന്റ് വായിച്ച് മനസ്സിലാക്കുന്നതിന് മുമ്പ് ട്രേഡിംഗ് ആരംഭിക്കരുത്.
7. ഫോണിലൂടെ നൽകുന്ന ഉയർന്ന മൂല്യത്തിന് വേണ്ടിയുള്ള ഓർഡറുകളില് രേഖാമൂലം പ്രസ്ഥാവിക്കുവാൻ ഉപേക്ഷ വിചാരിക്കരുത്.
8. ഒപ്പില്ലാത്ത / ഡ്യൂപ്ലിക്കേറ്റ് കോൺട്രാക്റ്റ് നോട്ട് / കൺഫർമേഷൻ മെമ്മോ സ്വീകരിക്കരുത്.
9. അംഗീകൃതമല്ലാത്ത ഏതെങ്കിലും വ്യക്തികള് ഒപ്പ് വച്ച കോൺട്രാക്റ്റ് നോട്ട് / കൺഫർമേഷൻ മെമ്മോ സ്വീകരിക്കരുത്.
10. ആരുമായും നിങ്ങളുടെ ഇന്റർനെറ്റ് ട്രേഡിങ്ങ് അക്കൗണ്ടിന്റെ പാസ്സ്‌വേര്ഡ് പങ്കിടരുത്
11. മെമ്പറിനുള്ള കമ്മോഡിറ്റി പേയ്മെന്റ് / ഡെലിവറികള് വൈകിപ്പിക്കരുത്.
12. നിക്ഷേപത്തില് ഉൾപ്പെട്ടിട്ടുള്ള അപകട സാധ്യതകളെ ക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കാന് മറക്കരുത്.
13. കമ്മോഡിറ്റീസ് (Commodities), നിക്ഷേപങ്ങൾ നൽകുമ്പോൾ ശൂന്യമായ ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ് (DIS) ഒപ്പിടുകയോ ഒപ്പം/ അല്ലെങ്കിൽ

സമയം ലാഭിക്കുന്നതിനായി ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റിൽ (DP) അല്ലെങ്കിൽ മെമ്പറുടെ പക്കൽ സൂക്ഷിക്കുകയോ ചെയ്യരുത്.

14. എക്സ്ചേഞ്ച് നിശ്ചയിച്ചിരിക്കുന്നതില് അധികമായി നിരക്കുകളില് ബ്രോക്കറേജ് അടയ്ക്കേണ്ടതില്ല.

15. അധികാരപ്പെടുത്തിയ വ്യക്തിയുടെ പേരിൽ ചെക്കുകൾ നൽകരുത്.

അനുബന്ധം A

**ഇലക്ട്രോണിക് കോൺട്രാക്റ്റ് നോട്ട് [ECN] – സത്യവാങ്മൂലം**
**(വൊളന്ററി)**

ടു,

(എക്സ്ചേഞ്ച് മെമ്പറുടെ (Members / Stock Brokers) പേര്)

സാർ.

ഞാൻ __________ __________ ഒരു ക്ലയന്റ് ആണ്, ________________________ എക്സ്ചേഞ്ചിലെ മെമ്പർ M/s. ___________________________________ ഉം ആയി ചുവടെപറയുന്നവ സമ്മതിക്കുന്നു.

- ഞാൻ ചെയ്തിട്ടുള്ള ഓരോ വ്യാപാരത്തിനും ഇലക്ട്രോണിക് രൂപത്തിലുള്ള കോൺട്രാക്റ്റ് നോട്ട് ഞാൻ ആവശ്യപ്പെടാത്ത പക്ഷം ഭൌതികരൂപത്തിലുള്ള കോൺട്രാക്റ്റ് നോട്ട് എനിക്ക് മെമ്പർ നൽകേണ്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു.
- എന്റെ സൗകര്യത്തിനായി എന്റെ അഭ്യർത്ഥന പ്രകാരം മാത്രമേ മെമ്പർ എനിക്ക് ഇലക്ട്രോണിക് കോൺട്രാക്റ്റ് നോട്ട് നൽകുകയുള്ളൂവെന്ന് ഞാൻ മനസ്സിലാക്കുന്നു.
- മെമ്പർ എനിക്ക് ഭൌതികരൂപത്തിലുള്ള കോൺട്രാക്റ്റ് നോട്ട് നൽകണമെന്നുണ്ടെങ്കില്പ്പോലും ഭൌതികരൂപത്തിലുള്ള കോൺട്രാക്റ്റ് നോട്ട് സ്വീകരിക്കുന്നത് എനിക്ക് അസൌകര്യമായതിനാല് തുടർന്നു ഞാൻ ചെയ്ത / ഓർഡര് ചെയ്ത എല്ലാ ട്രേഡുകള്ക്കുമായി ഇലക്ട്രോണിക് കോൺട്രാക്റ്റ് നോട്ട് നൽകുവാൻ സ്വയം സന്നദ്ധമായി ഞാൻ ആവശ്യപ്പെടുന്നു.
- എനിക്ക് ഒരു കമ്പ്യൂട്ടര് ഉപയോഗിക്കാനാവുന്നതും, ഞാൻ ഒരു പതിവ് ഇന്റർനെറ്റ് ഉപയോക്താവും ഈമെയില് കൈകാര്യം ചെയ്യുന്നതിനുള്ള പരിജ്ഞാനം ഉള്ളതുമാണ്.
- എന്റെ ഈമെയിൽ വിലാസം ______________ ആണ്. ഇത് മറ്റാരുമല്ല ഞാൻ തന്നെ തയ്യാറാക്കിയതാണ്.
- ഈ പ്രസ്താവന ഫോം ഇംഗ്ലീഷിലോ അല്ലെങ്കിൽ എനിക്ക് അറിയാവുന്ന മറ്റേതെങ്കിലും ഭാഷയിലോ ആയിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു.
- മെമ്പറില് നിന്നുള്ള ഈമെയിൽ അറിയിപ്പ് ബൌൺസ് ചെയ്ത് നിങ്ങൾക്ക് ലഭിച്ചില്ലെങ്കിൽ മുകളിൽ സൂചിപ്പിച്ച മെയിൽ വിലാസത്തിൽ കോൺട്രാക്റ്റ് നോട്ട് നൽകിയതായി കണക്കാക്കുന്നതാണ്.
- മുകളിലെ പ്രസ്ഥാവനയും ECN നെ സംബന്ധിച്ച് അനെക്സ്ചറില് നൽകിയിട്ടുള്ള മാർഗ്ഗനിര്ദ്ദേശങ്ങളും ഞാൻ വായിക്കുകയും മനസ്സിലാക്കുകയും ചെയ്തു. ഭൌതികരൂപത്തിലുള്ള കോൺട്രാക്റ്റ് നോട്ട് അയക്കുന്നതിലെ നഷ്ട സാദ്ധ്യത ഞാൻ മനസ്സിലാക്കുന്നു, അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കുന്നു.
- (ഈമെയില് വിലാസം ക്ലയന്റിന്റെ (client / investor) സ്വന്തം കയ്യക്ഷരത്തില് എഴുതേണ്ടതാണ)

ക്ലയന്റിന്റെ പേര്: ____________________________
വിശിഷ്ട ക്ലയന്റ് കോഡ്: ____________________________
പാൻ: ___________________________________
വിലാസം: ___________________________________
ക്ലയന്റിന്റെ ഒപ്പ് :

തീയതി:
സ്ഥലം:
ക്ലയന്റിന്റെ ഒപ്പ് പരിശോധന നടത്തിയത്:
മെമ്പറുടെ നിയുക്ത ഓഫീസറുടെ പേര്
ഒപ്പ്:

## അനുബന്ധം 3 (KYC രേഖയുടെ)

# മെമ്പർമാരുടെയും (Members / Stock Brokers), അംഗീകൃത വ്യക്തികളുടെയും (Authorized Persons) ക്ലയന്റുകളുടേയും (client / investor) അവകാശങ്ങളും ഉത്തരവാദിത്തങ്ങളും

1. ഓഹരി വിപണികൾ/സെക്യൂരിറ്റീസ് ആന്റ് എക്സ് ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI) കൂടാതെ ഇടയ്ക്കിടെ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ എന്നിവകളുടെ ചട്ടങ്ങൾ, ബൈലോകൾ, കച്ചവട നിയമങ്ങൾ/ എക്സ്ചേഞ്ച് വ്യവസ്ഥകൾ, നിയന്ത്രണങ്ങൾ എന്നിവ നിർവചിക്കപ്പെട്ട പോലെ ഓഹരി വിപണിയിലെ ഇടപാടുകൾക്ക് അംഗീകരിച്ച കമ്മോഡിറ്റീസ് (Commodities) / കോൺട്രാക്ടുകൾ/ മറ്റ് ഉപകരണങ്ങൾ എന്നിവകളിൽ ക്ലയന്റിന് നിക്ഷേപിക്കാം/ ട്രേഡ് നടത്താം.
2. മെമ്പർ/അംഗീകൃത വ്യക്തികൾ, ക്ലയന്റ് എന്നിവർ എക്സ്ചേഞ്ചിന്റെ നിയമങ്ങൾ, ബൈലോകൾ, നിയന്ത്രണങ്ങൾ, ഇവയ്ക്കു കീഴിൽ വിതരണം ചെയ്യപ്പെടുന സർക്കുലറുകൾ/നോട്ടീസുകൾ എന്നിവയും SEBI-യുടെ നിയമങ്ങളും നിയന്ത്രണങ്ങളും കാലാകാലങ്ങളിൽ പ്രാബല്യത്തിലാകുന്ന സർക്കാർ അതോറിറ്റികളുടെ ഉചിതമായ വിജ്ഞാപനങ്ങളും പാലിക്കാൻ ബാധ്യസ്ഥരാണ്.
3. കമ്മോഡിറ്റീസ് കൂടാതെ/അല്ലെങ്കിൽ ഡെറിവേറ്റീവ്സ് കോൺട്രാക്ടുകളിൽ ഇടപാടുകൾ നടത്താനുള്ള മെമ്പറിനുള്ള കഴിവ് ക്ലയന്റിന് സ്വയം ബോധ്യപ്പെട്ടിരിക്കണം. കൂടാതെ, ഓഹരി മെമ്പറിലൂടെ ഓർഡറുകൾ നടപ്പാക്കുന്നതിനു മുമ്പ് മെമ്പറിന് അതിനുള്ള കഴിവ് ക്ലയന്റിന് നേരിട്ടു ബോധ്യപ്പെട്ടിരിക്കണം.
4. നൽകുന്ന സേവനവുമായി ബന്ധപ്പെട്ട്, ക്ലയന്റിന്റെ സാമ്പത്തിക ഭദ്രത, അതിന്റെ വാസ്തവം, അവരുടെ നിക്ഷേപ ലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ച് മെമ്പറിന് സ്വയം ബോധ്യപ്പെട്ടിരിക്കണം.
5. മെമ്പർ തങ്ങൾ പ്രവർത്തിക്കുന്ന തട്ടകത്തിന്റെ പരിമിതികൾ ബാധ്യത, കഴിവ് എന്നിവ അടക്കം ബിസിനസ് നടത്താനുള്ള മെമ്പറിന്റെ പരിമിതികളുടെ സ്വഭാവം എന്നിവ ക്ലയന്റിനെ അറിയിക്കാനുള്ള നടപടികൾ ഓഹരി മെമ്പർ എടുക്കേണ്ടതാണ്.
6. വിദഗ്ദ്ധമായ ജാഗ്രതയുടെ ആവശ്യകത
    a. ഒരു സാമ്പത്തിക കരാറിൽ ഏർപ്പെടുമ്പോൾ അതിൻമേലുള്ള കടമകൾ നിർവഹിക്കുമ്പോൾ മെമ്പർ വിദഗ്ദ്ധമായ ജാഗ്രത പുലർത്തേണ്ടതാണ്.
    b. ചുവടെ പറയുന്നവയിൽ ഒരു കക്ഷിയോട് ഒരു മെമ്പർ പുലർത്തേണ്ട വൈദഗ്ദ്ധ്യവും ശ്രദ്ധയുമാണ് "വിദഗ്ദ്ധമായ ജാഗ്രത" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്,
        i. സത്യസന്ധമായ മാർക്കറ്റ് നടപടികൾ
        ii. നല്ല വിശ്വാസത്തിനുള്ള തത്വങ്ങൾ
        iii. ക്ലയന്റിന്റെ അറിവ്, അനുഭവസമ്പത്ത്, വൈദഗ്ദ്ധ്യം

iv. ക്ലയന്റ് പ്രയോജനപ്പെടുത്തുന്ന സാമ്പത്തിക ഉൽപ്പന്നങ്ങൾ* അല്ലെങ്കിൽ സാമ്പത്തിക സേവനങ്ങളുടെ സ്വഭാവവും അതിൽ അടങ്ങിയിരിക്കുന്ന നഷ്ടസാധ്യതകളും
v. മെമ്പറില് ക്ലയന്റിന്റെ ആശ്രിതത്വം

*കമ്മോഡിറ്റി ഡെറിവേറ്റീവ് (Commodity Derivatives) കോൺട്രാക്റ്റ്

7. ക്ലയന്റു(കൾ)മായുള്ള എല്ലാ ഇടപാടുകളിലും മെമ്പർക്ക് അംഗീകൃത വ്യക്തികൾ ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതാണ്.

## ക്ലയന്റ് വിവരം

8. 'അക്കൗണ്ട് ഓപ്പണിംഗ് ഫോം" ൽ മെമ്പർ ആവശ്യപ്പെടുന്ന മുഴുവൻ വിശദാംശങ്ങളും, കമ്മോഡിറ്റി എക്സ്ചെയ്ഞ്ച് (Commodity Exchanges) / SEBI സമയാസമയങ്ങളിൽ നിർബന്ധമാക്കിയിട്ടുള്ള പിന്തുണ വിവരങ്ങളടക്കം ക്ലയന്റ് സമർപ്പിക്കേണ്ടതാണ്.

9. അക്കൗണ്ട് ഓപ്പണിംഗ് പ്രമാണത്തിലെ നിർബന്ധമായ വ്യവസ്ഥകളെക്കുറിച്ച് ക്ലയന്റ് സ്വയം പരിചിതമാകേണ്ടതാണ്. മെമ്പർ ആവശ്യപ്പെടുന്ന ഏതു അധിക ക്ലോസുകളും പ്രമാണങ്ങളും, ക്ലയന്റ് അംഗീകരിച്ച ചട്ടങ്ങളും നിബന്ധനകളും അനുസരിച്ച്, നിർബന്ധമല്ല; അതുകൊണ്ട് ക്ലയന്റിന്റെ സ്വീകാര്യതയ്ക്ക് വിധേയമായാണ്.

10. അക്കൗണ്ട് തുറക്കുന്ന സമയത്ത് അക്കൗണ്ട് ഓപ്പണിംഗ് ഫോമിൽ നിങ്ങൾ നൽകിയ വിവരങ്ങളിൽ അടച്ചുപൂട്ടൽ ഹർജി/പാപ്പരത്ത ഹർജി അല്ലെങ്കിൽ സ്വത്തിൻമേൽ ഏതെങ്കിലും ഭൗതിക ബാധ്യതകൾ അടക്കം എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ ക്ലയന്റ് അതു രേഖാമൂലം മെമ്പറിനെ അറിയിക്കേണ്ടതാണ്. ക്ലയന്റ് തന്റെ സാമ്പത്തിക വിവരങ്ങൾ ആനുകാലികമായി മെമ്പറിനെ അറിയിച്ചിരിക്കേണ്ടതാണ്.

11. A. സാമ്പത്തിക കരാറുകളിലെ നീതിയുക്തമല്ലാത്ത നിബന്ധനകളിൽ നിന്നുള്ള പരിരക്ഷണം**
    a. കൂടിയാലോചിക്കാത്ത കരാറിലെ നീതിയുക്തമല്ലാത്ത നിബന്ധനകൾ അസാധുവാകുന്നതാണ്.
    b. ചുവടെപറയുന്നവയാൽ ഒരു നിബന്ധന നീതിയുക്തമല്ലാതാകുന്നതാണ്.
        i. സാമ്പത്തിക കരാറിൻ പ്രകാരം കക്ഷികളുടെ അവകാശങ്ങളിലും ചുമതലകളിലും കാര്യമായ അസന്തുലിതാവസ്ഥയ്ക്ക് കാരണമാകുന്നു; കക്ഷികളുടെ അനിഷ്ടത്തിന് കാരണമാകുന്നു; കൂടാതെ
        ii. മെമ്പറുടെ നിയമപരമായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ആവശ്യമുള്ളതല്ല.
    c. ഒരു വ്യവസ്ഥ നീതിയുക്തമാണോ എന്ന് നിർണ്ണയിക്കുന്നതിനായി സ്വീകരിക്കുന്ന ഘടകങ്ങളിൽ, ഉൾപ്പെടുന്നവയാണ് –
        i. സാമ്പത്തിക കരാർ പ്രകാരം ഇടപെടുന്ന സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനത്തിന്റെ സ്വഭാവം;
        ii. വ്യവസ്ഥയുടെ സുതാര്യത

*കമ്മോഡിറ്റി എക്സ്ചേഞ്ചുകൾ നൽകുന്ന കരാറുകൾ

iii. സമാനമായ സാമ്പത്തിക ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സാമ്പത്തിക സേവനങ്ങളെ മറ്റു സാമ്പത്തിക കരാറുകളുമായി താരതമ്യം ചെയ്യുവാൻ ഒരു കക്ഷിയെ അനുവദിക്കുന്നതിനുള്ള വ്യവസ്ഥയുടെ പരിധി; ഒപ്പം
iv. സാമ്പത്തിക കരാറിനെ ഒരുമിച്ച് കൂടാതെ അതിനെ ആശ്രയിക്കുന്ന മറ്റേതെങ്കിലും കരാറിലെ വ്യവസ്ഥകള്;

d. ചുവടെ പറയുന്ന പ്രകാരമെങ്കില് ഒരു വ്യവസ്ഥ സുതാര്യമാണ് –
   i. കക്ഷികൾക്ക് മനസ്സിലാകുന്ന തരത്തിൽ, വ്യക്തമായ ഭാഷയിൽ പ്രകടമാക്കുക;
   ii. നിയമാനുസൃതമായും വ്യക്തമായും അവതരിപ്പിക്കുക; കൂടാതെ
   iii. വ്യവസ്ഥകളെ സ്വാധീനിക്കുന്ന കക്ഷിയ്ക്ക് ഉടനെ ലഭ്യമാകുക
e. 11.A.c പ്രകാരം ഒരു സാമ്പത്തിക കരാറിലെ വ്യവസ്ഥകൾ നീതിയുക്തമല്ലെന്ന് തീരുമാനിക്കുകയാണെങ്കിൽ, നീതിയുക്തമല്ലാത്ത നിബന്ധനകൾ ഇല്ലാതെ സാമ്പത്തിക കരാർ നടപ്പിലാക്കുന്നതിനുള്ള പരിധിവരെ സാമ്പത്തിക കരാറിലെ വ്യവസ്ഥകൾ കക്ഷികൾക്ക് ബാധകമായി തുടരുന്നതാണ്.

11.B.

a. ഒരു നോൺ-നെഗോഷ്യേറ്റഡ് കോൺട്രാക്റ്റ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരു കരാർ അതിലെ വ്യവസ്ഥകൾ, പോയിൻറ് 11.C യിൽ അടങ്ങിയിരിക്കുന്ന നിബന്ധനകൾക്ക് പുറമെ (താഴെ കൊടുത്തിരിക്കുന്നു) സാമ്പത്തിക കരാറിലെ കക്ഷികളുമായി കൂടിയാലോചിച്ചിട്ടില്ല എന്നതാണ്, ഉൾപ്പെടുന്നു-
   i. കക്ഷിയുമായി ബന്ധപ്പെട്ട സാമ്പത്തിക കരാറില്, സാമ്പത്തിക കരാറിലെ വ്യവസ്ഥകൾ നിശ്ചയിക്കുന്നതില് മെമ്പറിന് കൂടുതൽ വിലപേശൽ അധികാരങ്ങള് ഉണ്ട്; കൂടാതെ
   ii. സ്റ്റാൻഡേർഡ് ഫോം കോൺട്രാക്റ്റ്
b. സ്റ്റാൻഡേർഡ് ഫോം കോൺട്രാക്റ്റ് എന്നതുകൊണ്ട് ഒരു കരാർ അത് വസ്തുതാപരമായി പോയിന്റ് 11.C. യില് ഉൾപ്പെട്ടിരിക്കുന്ന വ്യവസ്ഥകൾ ഒഴികെ കക്ഷിയുമായി കൂടിയാലോചിക്കുന്നില്ല എന്നാണു അർത്ഥമാക്കുന്നത്;
c. സാമ്പത്തിക കരാറിലെ ചില വ്യവസ്ഥകൾ ഫോമിൽ ധാരണയായിട്ടുണ്ടെങ്കിൽപ്പോലും, ഇനി പറയുന്നവ സൂചിപ്പിക്കുകയാണെങ്കില് സാമ്പത്തിക കരാർ നോൺ-നെഗോഷ്യേറ്റഡ് കോൺട്രാക്റ്റ് ആയി പരിഗണിക്കുന്നതാണ് –
   i. സാമ്പത്തിക കരാറിന്റെ മൊത്തത്തിലും വസ്തുതാപരവുമായ വിലയിരുത്തല്; കൂടാതെ
   ii. സാമ്പത്തിക കരാറിനെ ചുറ്റിപ്പറ്റിയുള്ള വസ്തുതാപരമായ സാഹചര്യങ്ങൾ

d. ഒരു സാമ്പത്തിക കരാർ നോൺ-നെഗോഷ്യേറ്റഡ് കോൺട്രാക്റ്റ് ആണെന്ന് അവകാശപ്പെടുമ്പോൾ, അത് തെളിയിക്കുന്നതിനുള്ള ഉത്തരവാദിത്തം മെമ്പർക്ക് ആയിരിക്കും.

11.C.

a. ചുവടെ പറയുന്ന പ്രകാരമെങ്കിൽ, മുകളിൽ പറഞ്ഞത് ഒരു സാമ്പത്തിക കരാറിലെ വ്യവസ്ഥകളിൽ ബാധകമാകുകയില്ല –
   i. സാമ്പത്തിക കരാറിന്റെ വിഷയം നിർവചിക്കുക
   ii. സാമ്പത്തിക കരാർ പ്രകാരം സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനത്തിന്റെ വ്യവസ്ഥയായി നൽകിയ അല്ലെങ്കിൽ നൽകേണ്ട വില നിശ്ചയിക്കുക കൂടാതെ അത് വ്യക്തമായി കക്ഷിയോട് വെളിപ്പെടുത്തേണ്ടതുമാണ്; അഥവാ
   iii. ഏതെങ്കിലും നിയമം അല്ലെങ്കിൽ നിയന്ത്രണങ്ങൾ പ്രകാരം ആവശ്യമെങ്കിൽ അല്ലെങ്കിൽ പ്രത്യക്ഷമായി അനുവദിക്കുമെങ്കിൽ

b. പോയിന്റ് 11.C. പ്രകാരമുള്ള ഒഴിവാക്കൽ സംഭവിച്ചതോ അല്ലെങ്കിൽ സംഭവിക്കാത്തതോ ആയ സംഭവിച്ചതോ ആയ പണം നൽകേണ്ടതായ ഇടപാടുകളിലെ വ്യവസ്ഥകൾക്ക് ബാധകമാകുന്നതല്ല.

12. അക്കൗണ്ട് ഓപ്പണിംഗ് ഫോമിൽ നൽകിയിട്ടുള്ള അല്ലെങ്കിൽ ക്ലയന്റിനെ സംബന്ധിക്കുന്ന മറ്റേതെങ്കിലും വിവരങ്ങൾ മെമ്പറും അംഗീകൃത വ്യക്തിയും സ്വകാര്യമായി സൂക്ഷിക്കേണ്ടതാണ്. നിയമ/നിയന്ത്രണ ആവശ്യങ്ങൾക്കു വേണ്ടിയല്ലാതെ മറ്റു വ്യക്തികൾക്ക് /അധികൃതർക്ക് അത് വെളിപ്പെടുത്തുവാൻ പാടുള്ളതല്ല. എന്നിരുന്നാലും, തന്റെ ക്ലയന്റിന്റെ സമ്മതത്തോടുകൂടി മെമ്പർക്ക് അവരുടെ വിവരങ്ങൾ മറ്റു വ്യക്തികൾക്ക് അല്ലെങ്കിൽ അധികാരികൾക്ക് വെളിപ്പെടുത്താവുന്നതാണ്.

13.A. സ്വകാര്യ വിവരങ്ങളുടെ പരിരക്ഷണവും രഹസ്യാത്മകതയും

a. "വ്യക്തിഗത വിവരങ്ങൾ" എന്നതുകൊണ്ട് ഒരു കക്ഷിയുമായി ബന്ധപ്പെട്ടതോ അല്ലെങ്കിൽ നേരിട്ടോ അല്ലാതെയോ കക്ഷിയുടെ വ്യക്തിത്വം തെളിയിക്കുന്നതോ ആയ വിവരങ്ങള് എന്നാണ് അർത്ഥമാക്കുന്നത്, അതിൽ ഉൾപ്പെടുന്നവയാണ് –

   i. പേരും ബന്ധപ്പെടുവാനുള്ള വിവരങ്ങളും;
   ii. വ്യക്തികളുടെ കാര്യത്തിൽ, ബയോമെട്രിക് വിവരങ്ങൾ
   iii. ഇടപാടുകളില് അല്ലെങ്കിൽ സാമ്പത്തിക ഉൽപ്പന്നങ്ങള് കൈവശം വയ്ക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ
   iv. സാമ്പത്തിക സേവനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ; അഥവാ
   v. വ്യക്തമാക്കിയിട്ടുള്ള മറ്റ് വിവരങ്ങള്.

13.B.

a. ഒരു മെമ്പർ-
   i. ഒരു സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനങ്ങളുടെ വ്യവസ്ഥ പ്രകാരം ആവശ്യമായതില് അധികമായി ഒരു കക്ഷിയുമായി ബന്ധപ്പെട്ട വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുവാന് പാടില്ല;

ii. കക്ഷിയുമായി ബന്ധപ്പെട്ട വ്യക്തിഗത വിവരങ്ങളുടെ രഹസ്യാത്മകത കാത്തുസൂക്ഷിക്കുകയും പോയിന്റ് 13.B. പ്രകാരം വ്യക്തമായി അനുവദിച്ചിട്ടുള്ള വിധത്തിൽ അല്ലാതെ ഒരു മൂന്നാം കക്ഷിക്ക് അത് വെളിപ്പെടുത്തുകയും ചെയ്യരുത്;
iii. കക്ഷിയുമായി ബന്ധപ്പെട്ട വ്യക്തിഗത വിവരങ്ങൾ കൃത്യതയോടും കാലികമായും പൂർണ്ണതയോടും സൂക്ഷിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധ്യമായ എല്ലാ മികച്ച ശ്രമങ്ങളും നടത്തുക;
iv. റെഗുലേറ്ററി വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും ഒഴിവാക്കലുകൾക്ക് വിധേയമായി കക്ഷികൾക്ക് അവരുടെ വ്യക്തിഗത വിവരങ്ങളിലേക്ക് ന്യായമായ അഭിഗമ്യത ഉറപ്പാക്കേണ്ടതാണ്; കൂടാതെ
v. ഒരു മെമ്പർ സൂക്ഷിച്ചിരിക്കുന്ന കക്ഷികളുടെ വ്യക്തിഗത വിവരങ്ങൾ കൃത്യവും കാലികവും പൂർണ്ണവുമാണെന്ന് ഉറപ്പാക്കാൻ വ്യക്തിഗത വിവരങ്ങൾ പരിഷ്കരിക്കുന്നതിന് ഫലപ്രദമായ അവസരം കക്ഷികള്ക്ക് നൽകുക.

b. ചുവടെ പറയുന്ന പ്രകാരം ആണെങ്കിൽ മാത്രം ഒരു കക്ഷിയുമായി ബന്ധപ്പെട്ട സ്വകാര്യ വിവരങ്ങൾ ഒരു മെമ്പർക്ക് മൂന്നാം കക്ഷികളോട് വെളിപ്പെടുത്താവുന്നതാണ്
i. സമ്മതം നിരസിക്കുന്നതിന് ഫലപ്രദമായ ഒരു അവസരം നൽകിയതിന് ശേഷം, വെളിപ്പെടുത്തുന്നതിനായി രേഖാമൂലം ഒരു മുൻകൂർ സമ്മതം കക്ഷിയിൽ നിന്നും തേടേണ്ടതാണ്;
ii. വെളിപ്പെടുത്തലുകൾ നടത്താൻ കക്ഷി നിർദ്ദേശിക്കുക;
iii. പ്രസക്തമായ നിയമങ്ങളോ അല്ലെങ്കിൽ നിയന്ത്രണങ്ങളോ പ്രകാരം നിരോധിക്കാത്തിടത്തോളം, ഇത്തരം നിയമങ്ങൾ അല്ലെങ്കിൽ നിയന്ത്രണങ്ങൾ പ്രകാരം വെളിപ്പെടുത്തൽ നടത്തുന്നതിന് കക്ഷിയ്ക്ക് അവസരം നൽകുകയും ചെയ്യുമ്പോൾ വെളിപ്പെടുത്തുവാന് റെഗുലേറ്റർ അനുമതി നൽകുന്നു അല്ലെങ്കിൽ ഉത്തരവ് നൽകുന്നു;
iv. പ്രസക്തമായ നിയമങ്ങളോ അല്ലെങ്കിൽ നിയന്ത്രണങ്ങളോ പ്രകാരം നിരോധിക്കാത്തിടത്തോളം, ഇത്തരം നിയമങ്ങൾ അല്ലെങ്കിൽ നിയന്ത്രണങ്ങൾ പ്രകാരം വെളിപ്പെടുത്തൽ നടത്തുന്നതിന് കക്ഷിയ്ക്ക് അവസരം നൽകുകയും ചെയ്യുമ്പോൾ ഏതങ്കിലും നിയമങ്ങൾ അല്ലെങ്കിൽ നിയന്ത്രണങ്ങൾ പ്രകാരം വെളിപ്പെടുത്തൽ ആവശ്യമായി വരുക;
v. വെളിപ്പെടുത്തലുകൾ ഒരു സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനങ്ങളുടെ വ്യവസ്ഥകളുമായി നേരിട്ട് ബന്ധമുള്ളതാണെങ്കില് മെമ്പർ -
1. വ്യക്തിഗത വിവരങ്ങൾ ഒരു മൂന്നാം കക്ഷിയുമായി പങ്കിട്ടേക്കാമെന്ന് മുൻകൂട്ടി കക്ഷിയെ അറിയിക്കുക; കൂടാതെ

2. ഈ ഭാഗത്തില് ആവശ്യമായ അതേ വിധത്തിൽ മൂന്നാം കക്ഷികള് വ്യക്തിഗത വിവരങ്ങളുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുമെന്ന് ഉറപ്പുവരുത്തുക; അഥവാ

vi. ഈ ഭാഗത്തില് ആവശ്യമായ അതേ വിധത്തിൽ മൂന്നാം കക്ഷികള് വ്യക്തിഗത വിവരങ്ങളുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുമെന്ന് മെമ്പർ ഉറപ്പുവരുത്തുകയാണെങ്കില് വഞ്ചന, അനധികൃതമായ ഇടപെടലുകൾ അല്ലെങ്കിൽ അവകാശവാദങ്ങള് എന്നിവ എതിർക്കുന്നതിനോ അല്ലെങ്കിൽ തടയുന്നതിനോ ഉള്ള പരിരക്ഷണത്തിനായി വെളിപ്പെടുത്തലുകള് നടത്തുക

c. മെമ്പർ ഉൾപ്പെടുന്ന അതേ ഗ്രൂപ്പിൽ ഉള്ള വ്യക്തികൾ ഉൾപ്പെടെ ബന്ധപ്പെട്ട മെമ്പറിന് പുറമേയുള്ള ഏതൊരു വ്യക്തിയേയും *മൂന്നാം കക്ഷികൾ* എന്ന് അർത്ഥമാക്കുന്നു.

14.A ആദ്യമായും തുടർച്ചയായും ഉചിതമായ വെളിപ്പെടുത്തലിന്റെ ആവശ്യകത

a. ഒരു. മെമ്പറുടെ വിവരങ്ങൾ ന്യായമായ വെളിപ്പെടുത്തലുകൾ അറിവോടെയുള്ള ഇടപാടുകൾക്കുള്ള തീരുമാനം എടുക്കുന്നതിന് കക്ഷിയ്ക്ക് ആവശ്യമായേക്കാവുന്ന വിവരങ്ങളുടെ ന്യായമായ വെളിപ്പെടുത്തൽ മെമ്പർ ഉറപ്പാക്കേണ്ടതാണ്.

b. ന്യായമായ വെളിപ്പെടുത്തല് നടത്തുന്നതിന്, വിവരങ്ങൾ ഇപ്രകാരം നൽകേണ്ടതാണ് –

   i. കക്ഷി സാമ്പത്തിക കരാറില് പ്രവേശിക്കുന്നതിന് മുമ്പ് വിവരങ്ങൾ മനസ്സിലാക്കാൻ കക്ഷിയ്ക്ക് ന്യായമായ സമയം അനുവദിക്കുക;
   ii. ഒരു പ്രത്യേക വിഭാഗത്തില് ഉൾപ്പെടുന്ന കക്ഷിയ്ക്ക് മനസ്സിലാകുന്ന തരത്തിൽ എഴുതുക; കൂടാതെ
   iii. സമാനമായ മറ്റ് സാമ്പത്തിക ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സാമ്പത്തിക സേവനങ്ങളുമായി സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനങ്ങള് ന്യായമായി താരതമ്യം ചെയ്യുന്നതിനായി കക്ഷിയെ പ്രാപ്തമാക്കുന്ന തരത്തിൽ.

c. ഒരു സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനത്തെ സംബന്ധിച്ചു കക്ഷിയോട് വെളിപ്പെടുത്തുന്ന തരം വിവരങ്ങളിൽ, ഇനിപറയുന്ന വിവരങ്ങൾ ഉൾപ്പെട്ടേക്കാം.

   i. സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനം കക്ഷിയ്ക്ക് നൽകുന്ന സവിശേഷതകൾ, ആനുകൂല്യങ്ങൾ അപകടസാധ്യതകൾ ഉൾപ്പെടെഉള്ള അതിന്റെ പ്രധാന സവിശേഷതകൾ;
   ii. സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനത്തിനുള്ള പ്രതിഫലം അല്ലെങ്കിൽ പ്രതിഫലം കണക്കാക്കുന്ന വിധം;
   iii. സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക കരാറിലെ ഏതെങ്കിലും വ്യവസ്ഥകളുടെ അസ്തിത്വം, ഒഴിവാക്കലുകള് അല്ലെങ്കിൽ സ്വാധീനം;

iv. വ്യകതിത്വം,റെഗുലേറ്ററി സ്റ്റാറ്റസ്, അഫിലിയേഷനുകൾ ഉൾപ്പെടെ മെമ്പറുടെ സ്വഭാവം, ഗുണങ്ങൾ, അവകാശങ്ങള്;
v. മെമ്പറെ ബന്ധപ്പെടാനുള്ള വിശദാംശങ്ങളും മെമ്പറും കക്ഷിയും തമ്മിൽ ബന്ധപ്പെടുന്നതിനുള്ള ആശയവിനിമയ മാർഗ്ഗങ്ങളും;
vi. ഒരു നിശ്ചിത കാലയളവിനുള്ളിൽ ഒരു സാമ്പത്തിക കരാർ റദ്ദാക്കുവാനുള്ള കക്ഷിയുടെ അവകാശങ്ങൾ; അഥവാ
vii. ഏതെങ്കിലും നിയമം അല്ലെങ്കിൽ നിയന്ത്രണങ്ങള് പ്രകാരമുള്ള കക്ഷിയുടെ അവകാശങ്ങൾ.

14.B.

a. ഒരു സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ അതു നൽകുന്ന സാമ്പത്തിക സേവനം പ്രയോജനപ്പെടുത്തുന്ന ഒരു കക്ഷിയ്ക്ക് ചുവടെയുള്ള വെളിപ്പെടുത്തലുകൾ മെമ്പർ നൽകേണ്ടതാണ് –
  i. സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനം കക്ഷി പ്രാഥമികമായി പ്രയോജനപ്പെടുത്തുന്ന സമയത്ത് പോയിന്റ് 14.A പ്രകാരം വെളിപ്പെടുത്തല് ആവശ്യമായിരുന്ന വിവരങ്ങളില് എന്തെങ്കിലും വസ്തുതാപരമായ മാറ്റങ്ങൾ;
  ii. സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനത്തിൽ അവകാശങ്ങൾ അല്ലെങ്കിൽ താൽപ്പര്യങ്ങൾ വിലയിരുത്താൻ ആവശ്യമായി കക്ഷിയുടെ ഉടമസ്ഥതയിലുള്ള സാമ്പത്തിക ഉൽപ്പന്നത്തിന്റെ സ്ഥിതി അല്ലെങ്കില് പ്രകടനവുമായി ബന്ധപ്പെട്ട വിവരം; കൂടാതെ
  iii. വ്യക്തമാക്കിയിട്ടുള്ള മറ്റേതെങ്കിലും വിവരങ്ങൾ.

b. അക്കൌണ്ടിംഗ് വെളിപ്പെടുത്തൽ ഇപ്രകാരം ചെയ്യേണ്ടതാണ് –
  i. വസ്തുതാപരമായി എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായി ന്യായമായ സമയത്തിനുള്ളില് അല്ലെങ്കിൽ ബാധകമായ ന്യായമായ ഇടവേളകളിൽ; കൂടാതെ
  ii. ഒരു പ്രത്യേക വിഭാഗത്തില് ഉൾപ്പെടുന്ന കക്ഷിയ്ക്ക് മനസ്സിലാകുന്ന തരത്തിൽ എഴുതുക; കൂടാതെ

**മാർജിനുകൾ**

15. ക്ലയന്റ് ട്രേഡിംഗ് നടത്തുന്ന വിഭാഗ(ങ്ങൾ)ത്തിനു ബാധകമായി, മെമ്പർ അല്ലെങ്കിൽ ഓഹരി വിപണി അവശ്യമെന്നു കരുതുന്ന അല്ലെങ്കിൽ SEBI-യുടെ സമയാസമയങ്ങളിലുള്ള നിർദ്ദേശങ്ങളനുസരിച്ച് ക്ലയന്റ്, ഇനിഷ്യൽ മാർജിൻ, വിത് ഹോൾഡിംഗ് മാർജിൻ, സ്പെഷ്യൽ മാർജിൻ അല്ലെങ്കിൽ അതുപോലെയുള്ള മറ്റു മാർജിനുകൾ നൽകേണ്ടതാണ്. അധിക മാർജിനുകൾ ശേഖരിക്കുന്നതിനുള്ള അധികാരം മെമ്പറിന് നൽകിയിട്ടുണ്ട് (ഓഹരി വിപണി അല്ലെങ്കിൽ SEBI എന്നിവർ ആവശ്യപ്പെടുന്നില്ലെങ്കിൽ പോലും), കൂടാതെ, അത്തരം മാർജിനുകൾ കൃത്യമായ സമയത്തു തന്നെ നൽകേണ്ടത് ക്ലയന്റിന്റെ ഉത്തരവാദിത്തമാണ്.

16. ക്ലയന്റ് നൽകുന്ന മാർജിൻ, അവശ്യമായ എല്ലാ കുടിശ്ശികകളുടേയും ഋണമോചനമാകുന്നില്ല എന്ന് എല്ലാ ക്ലയന്റുകളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. സ്ഥിരമായി മാർജിൻ നൽകിക്കൊണ്ടിരിക്കുകയാണെങ്കിൽക്കൂടി, അതിന്റെ ട്രേഡ്

ഒത്തുതീർപ്പാക്കുന്നതിനു വേണ്ടി ക്ലയന്റ് ചിലപ്പോൾ, കോൺട്രാക്ട് അനുശാസിക്കുന്നത് / ആവശ്യപ്പെടുന്നത് അനുസരിച്ച് കൂടുതൽ തുകകൾ നൽകേണ്ടതായി വരും (അല്ലെങ്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും).

## ഇടപാടുകളും തീർപ്പാക്കലുകളും

17. ക്ലയന്റും മെമ്പറും പരസ്പരം സമ്മതിച്ചതു പോലെ, ക്ലയന്റിന് ഒരു കമ്മോഡിറ്റി ഡെറിവേറ്റീവ്സ് കോൺട്രാക്ട് വാങ്ങുന്നതിനോ വിൽക്കുന്നതിനോ രേഖാമൂലമോ അല്ലെങ്കിൽ ഫോം വഴിയോ ഓർഡർ നൽകാവുന്നതാണ്. എന്നാൽ ഇക്കാര്യത്തിൽ നിയന്ത്രണ ആവശ്യങ്ങൾ പാലിക്കുന്നുവെന്ന് മെമ്പർ ഉറപ്പുവരുത്തേണ്ടതാണ് . അത് മെമ്പർ ആ ക്ലയന്റിനു നൽകിയിരിക്കുന്ന യുണീക് ക്ലയന്റ് കോഡിൽക്കൂടി മാത്രമായിരിക്കണം ഓർഡർ പ്ലേസ് ചെയ്യുകയും ട്രേഡ് നടപ്പിലാക്കുകയും ചെയ്യുന്നത് എന്ന് ഉറപ്പാക്കണം.

18. ട്രേഡിംഗ്/സെറ്റിൽമെന്റ് ചക്രങ്ങൾ, ഡെലിവറി/പേമെന്റ് സമയക്രമങ്ങൾ, സമയാസമയങ്ങളിലെ മാറ്റങ്ങൾ എന്നിവയെക്കുറിച്ച് മെമ്പർ, ക്ലയന്റിനെ അറിയിക്കേണ്ടതും ഓർമ്മപ്പെടുത്തേണ്ടതുമാണ്. തിരിച്ച്, ക്ലയന്റ്, ട്രേഡിംഗ് നടത്തപ്പെടുന്ന ബന്ധപ്പെട്ട കമ്മോഡിറ്റി എക്സ്ചേഞ്ചിലെ അത്തരം സമയക്രമങ്ങൾ/നടപടിക്രമങ്ങൾ പാലിക്കുകയും ചെയ്യേണ്ടതാണ്.

19. ക്ലയന്റ് നിക്ഷേപിച്ച പണം, മെമ്പർ അവരുടെ/അയാളുടേയും മറ്റുള്ളവരുടേയും അക്കൗണ്ടിൽ നിന്നും വ്യത്യസ്തമായി ഒരു പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും മെമ്പർ തനിക്കു വേണ്ടിയോ മറ്റുള്ളവർക്കു വേണ്ടിയോ അല്ലെങ്കിൽ, SEBI കൂടാതെ/ അല്ലെങ്കിൽ ഓഹരി വിപണിയിലെ ചട്ടങ്ങൾ, ബൈലോകൾ, സർക്കുലറുകൾ, നോട്ടീസുകൾ എന്നിവയിൽ നിർവചിക്കപ്പെട്ട ഉദ്ദേശ്യങ്ങൾക്കു വേണ്ടിയല്ലാത്ത മറ്റൊരു ഉദ്ദേശ്യത്തിനും വേണ്ടിയോ ഉപയോഗിക്കില്ലാ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

20. ഓഹരി വിപണി (കൾ), ട്രേഡ് (കൾ) സ്വമേധയാ റദ്ദാക്കുകയാണെങ്കിൽ, അത്തരത്തിലുള്ള എല്ലാ ട്രേഡുകളും, ക്ലയന്റിനു വേണ്ടി നടത്തിയിട്ടുള്ള ട്രേഡ് (കൾ)-ഉം അടക്കം, അക്കാരണം കൊണ്ടുതന്നെ റദ്ദായിപ്പോകുന്നതായിരിക്കും. ക്ലയന്റു (കൾ)മായുള്ള അതാതു കോൺട്രാക്ട് റദ്ദാക്കാനുള്ള അധികാരം മെമ്പറിനുണ്ട്.

21. ഓഹരി വിപണികളിൽ നടപ്പാക്കപ്പെടുന്ന ഇടപാടുകൾ, അത് നടപ്പിലാക്കുന്ന ഓഹരി വിപണിയുടെ ചട്ടങ്ങൾ, ബൈലോകൾ, കച്ചവട നിയമങ്ങൾ, അതിന്മേൽ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ/നോട്ടീസുകൾ എന്നിവയ്ക്കു വിധേയവും, എല്ലാ കക്ഷികളും ഈ ഓഹരിവിപണികളുടെ ഈ നിയമങ്ങൾ, ബൈലോകൾ, കച്ചവട നിയമങ്ങൾ അതിൻകീഴിൽ വിതരണം ചെയ്യപ്പെടുന്ന സർക്കുലറുകൾ/നോട്ടീസുകൾ എന്നിവയുടെ പ്രൊവിഷനുകൾ പ്രാബല്യത്തിലാക്കുക എന്ന ലക്ഷ്യത്തോടെ ഈ ട്രേഡ് നടപ്പിലാക്കിയ ഓഹരിവിപണികളുടെ ബൈലോകളിലും കച്ചവട നിയമങ്ങളിലും

പറഞ്ഞിരിക്കുന്ന നിയമാധികാരപരിധിയിലുള്ള കോടതിയിൽ ആ ട്രേഡ് സമർപ്പിക്കേണ്ടതും ആണ്.

**ബ്രോക്കറേജ്**

22. മെമ്പർ ക്ലയന്റിനു നൽകുന്ന സേവനത്തിനും ക്ലയന്റിന്റെ ഇടപാടുകൾക്കും അക്കൗണ്ടിനും, ഇടയ്ക്കിടെ നിലവിലിരിക്കുന്ന നിരക്കുകളും ബ്രോക്കറേജും ക്ലയന്റ് മെമ്പറിന് നൽകേണ്ടതാണ്. ബാധകമായ കമ്മോഡിറ്റി എക്സ്ചേഞ്ചിലെ നിയമങ്ങൾ പ്രകാരവും കൂടാതെ / അല്ലെങ്കിൽ SEBI-യുടെ നിയമങ്ങൾ പ്രകാരവും അനുവദിച്ചിട്ടുള്ള ബ്രോക്കറേജിൽ കൂടുതൽ നിരക്ക് ഒരു മെമ്പറിനും ഈടാക്കാവുന്നതല്ല.

**ലിക്വിഡേഷനും ക്ലോസ് ഔട്ട് ഓഫ് പൊസിഷനും**

23. മെമ്പറിന്റെ മറ്റ് അവകാശങ്ങളെക്കുറിച്ച് (ഒരു വിഷയം ആർബിട്രേഷനു റഫർ ചെയ്യുന്നതടക്കം) ഒരു മുൻവിധിയും കൂടാതെ, മാർജിൻ പേമെന്റ്, മറ്റു തുകകൾ, ഔട്ട് സ്റ്റാൻഡിംഗ് ഡെബ്റ്റുകൾ എന്നിവ നൽകാതിരിക്കുന്നതു കൊണ്ട്, ഒരു ക്ലയന്റിന്റെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ പൊസിഷനുകളും ലിക്വിഡേറ്റ് /ക്ലോസ് ഔട്ട് ചെയ്യാൻ മെമ്പറിന് അധികാരമുണ്ടെന്നു ക്ലയന്റ് മനസ്സിലാക്കിയിരിക്കണം. അത്തരം ലിക്വിഡേഷനിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് ക്ലയന്റിന്റെ ബാധ്യതകൾ/ഉത്തരവാദിത്തങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, തീർക്കുന്നതായിരിക്കും. ലിക്വിഡേഷൻ/ക്ലോസ് ഔട്ടിൽ നിന്നും ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടമോ അല്ലെങ്കിൽ സാമ്പത്തിക നിരക്കുകളോ ക്ലയന്റ് വഹിക്കേണ്ടതോ അല്ലെങ്കിൽ അവരിൽ നിന്നും ഈടാക്കുന്നതോ ആയിരിക്കും.

24. ക്ലയന്റ് മരണപ്പെടുകയോ പാപ്പരാകുകയോ അല്ലെങ്കിൽ വാങ്ങുന്നതിനോ വിൽക്കുന്നതിനോ ക്ലയന്റ് ഓർഡർ ചെയ്ത കമ്മോഡിറ്റിയുടെ പേമെന്റ് നടത്തുന്നതിനോ സ്വീകരിക്കുന്നതിനോ, അല്ലെങ്കിൽ ഡെലിവർ ചെയ്യുന്നതിനോ ട്രാൻസ്ഫർ ചെയ്യുന്നതിനോ അദ്ദേഹത്തിന് /അതിന് കഴിവില്ലാതെയായിത്തീർന്നാൽ, മെമ്പറിന് ക്ലയന്റിന്റെ ഇടപാട് ക്ലോസ് ഔട്ട് ചെയ്യാനും ക്ലയന്റിന്റെ വസ്തുവകകൾക്ക്, ഉണ്ടെങ്കിൽ, എതിരെ നഷ്ടങ്ങൾക്ക്, എന്തെങ്കിലും ഉണ്ടെങ്കിൽ, അവകാശം ഉന്നയിക്കാനും കഴിയും. ഇതിന്റെ ഫലമായി വരുന്ന ബാക്കി തുകയ്ക്ക്, ക്ലയന്റ്, അവരുടെ നോമിനി, അനന്തരാവകാശി, പിന്തുടർച്ചക്കാർ, നിയുക്തർ എന്നിവർക്ക് അവകാശമുണ്ടായിരിക്കും. നിയമപരമായ പന്തുടർച്ചക്കാരനെതിരെ, ക്ലയന്റ്, നോമിനിയുടെ പേരിലേയ്ക്ക് ഫണ്ടുകളുടെ/കമ്മോഡിറ്റിയുടെ കൈമാറ്റം നടത്തുന്നത് സാധുവായ ഒരു വിടുതൽ ആയിരിക്കും.

**തർക്കത്തിൽപെട്ട തീരുമാനങ്ങൾ**

25. കക്ഷിയുടെ എല്ലാ ഇടപാടുകളും സംബന്ധിച്ച പരാതി പരിഹരിക്കുന്നതിന് മെമ്പർ സഹകരിക്കേണ്ടതാണ്.

26. നിക്ഷേപങ്ങൾ, മാർജിൻ പണം, തുടങ്ങിയവയുമായി ബന്ധപ്പെട്ട് അവകാശവാദങ്ങൾ അല്ലെങ്കിൽ/കൂടാതെ തർക്കങ്ങൾ എന്നിവ ട്രേഡ് നടപ്പാക്കപ്പെടുന്ന ഓഹരി വിപണികളുടെ ചട്ടങ്ങൾ, ബൈലോകൾ, കച്ചവട നിയമങ്ങൾ, കാലാകാലങ്ങളിൽ പുറത്തിറക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന സർക്കുലറുകൾ/നോട്ടീസുകൾ എന്നിവ പ്രകാരം ക്ലയന്റിനോ മെമ്പറിനോ റെഫർ ചെയ്യാവുന്നതാണ്.

27. ഒരു തർക്ക പരിഹാരത്തിനായി ഒരു അംഗീകൃത പ്രതിനിധി പുറപ്പെടുവിച്ച ക്ലയന്റ്/മെമ്പർ നിർദ്ദേശങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, അത് ക്ലയന്റ്/മെമ്പറുമായി ഇടപാടുകൾ നടത്താൻ ആ പ്രതിനിധിയെ ആംഗീകാരപ്പെടുത്തുന്ന കത്ത് കരാറനുസരിച്ചുള്ളതായിരിക്കണം എന്ന് ക്ലയന്റ് /മെമ്പർ മനസിലാക്കിയിരിക്കണം.

28. മെമ്പർക്ക് അതിന്റെ എല്ലാ കക്ഷികൾക്കും അഭിഗമ്യമായിട്ടുള്ള ഒരു ഫലപ്രദമായ പരാതിപരിഹാര സംവിധാനത്തിന്റെ ആവശ്യകത ഉണ്ട്.
   a. സാമ്പത്തിക ഉല്പന്നങ്ങൾ അല്ലെങ്കിൽ അത് നൽകുന്ന സാമ്പത്തിക സേവനങ്ങൾ സംബന്ധിച്ചു അല്ലെങ്കിൽ അതിനെ പ്രതിനിധീകരിച്ച് അതിന്റെ കക്ഷികളിൽ നിന്നും ഉചിതവും ന്യായവുമായ രീതിയിൽ പരാതികൾ സ്വീകരിക്കുന്നതിനും പരിഹാരമുണ്ടാക്കുവാനും ഫലപ്രദമായ ഒരു സംവിധാനം മെമ്പറിന് ഉണ്ടായിരിക്കണം.
   b. കക്ഷിയുമായുള്ള ബന്ധം ആരംഭിക്കുമ്പോഴും അതുപോലുള്ള മറ്റ് സമയങ്ങളിലും വിവരങ്ങൾ കക്ഷികള്ക്ക് ആവശ്യമായി വരുമ്പോൾ ഒരു മെമ്പർ കക്ഷിയെ അറിയിക്കേണ്ടതാണ് -
      i. ഏതെങ്കിലും പരാതികളില് പരിഹാരം തേടുന്നതിനുള്ള കക്ഷിയുടെ അവകാശം; കൂടാതെ
      ii. ഒരു മെമ്പർ തന്റെ കക്ഷികളിൽ നിന്നും പരാതികൾ സ്വീകരിക്കാനും പരിഹരിക്കുവാനുമായി പിന്തുടരുന്ന സംവിധാനം.

29.A കക്ഷിയ്ക്ക് വേണ്ടിയുള്ള ഉപദേശത്തിന്റെ അനുയോജ്യത

കക്ഷിയുടെ സാമ്പത്തിക സാഹചര്യങ്ങൾ, ആവശ്യങ്ങള് പോലുള്ള ഒരു കക്ഷിയുടെ വ്യക്തിഗത സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് ഉചിതമായ ഉപദേശങ്ങൾ സ്വീകരിക്കുവാനുള്ള അവകാശം. ഈ ചുമതല കക്ഷികൾക്ക് ഉപദേശം നൽകുന്ന വ്യക്തിയ്ക്ക് ബാധകമാകുന്നതാണ് കൂടാതെ ഇത്തരം ഉപദേശങ്ങള് നിർബന്ധമായും നൽകേണ്ടതായി വരുന്ന സാമ്പത്തിക ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വിഭാഗം റെഗുലേറ്ററി വ്യക്തമാക്കണ്ടതുമാണ്.

   a. ഒരു മെമ്പർ -
      i. ഒരു കക്ഷിയുടെ പ്രസക്തമായ വ്യക്തിഗത സാഹചര്യങ്ങളെക്കുറിച്ച് കൃത്യവും ഉചിതവുമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സാദ്ധ്യമായ എല്ലാ ശ്രമങ്ങളും നടത്തണം; കൂടാതെ

ii. കക്ഷിയുടെ പ്രസക്തമായ വ്യക്തിഗത സാഹചര്യങ്ങള് പരിഗണിച്ച ശേഷം കക്ഷിയ്ക്ക് നൽകുന്ന ഉപദേശങ്ങൾ കക്ഷിയ്ക്ക് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

b. ഒരു കക്ഷിയുടെ പ്രസക്തമായ വ്യക്തിഗത സാഹചര്യങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ അപൂർണ്ണവും കൃത്യതയില്ലാത്തതുമാണെന്ന് ഒരു മെമ്പർക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ അത്തരം അപൂർണ്ണവും കൃത്യവുമല്ലാത്ത വിവരങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ പരിണതഫലങ്ങളെക്കുറിച്ച് കക്ഷിയ്ക്ക് മുന്നറിയിപ്പ് നൽകേണ്ടതാണ്.

c. ഒരു സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവന പ്രയോജനപ്പെടുത്താനുള്ള കക്ഷിയുടെ ഉദ്ദേശം കക്ഷിയ്ക്ക് അനുയോജ്യമല്ലെന്ന് മെമ്പർ തീരുമാനിക്കുകയാണെങ്കിൽ, മെമ്പർ -

i. കക്ഷിയ്ക്ക് വ്യക്തമായി മനസ്സിലാകുന്ന വിധത്തിൽ തന്റെ ഉപദേശത്തിൽ രേഖാമൂലം കക്ഷിയെ വ്യക്തമായി അറിയിക്കേണ്ടതാണ്; കൂടാതെ

ii. പോയിന്റ് 29.A.a അംഗീകരിച്ച ശേഷവും കക്ഷിയില് നിന്നും രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചതിനുശേഷവും മാത്രം കക്ഷി ആവശ്യപ്പെടുന്ന സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനം ലഭ്യമാക്കുക.

30. താൽപ്പര്യങ്ങളിലെ തർക്കങ്ങൾ കൈകാര്യം ചെയ്യൽ

ഒരു കക്ഷിയുടെയും മെമ്പറുടെയും താത്പര്യങ്ങൾ ആ തമ്മിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ, കക്ഷിയുടെ താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

a. ഒരു മെമ്പർ-

i. ഒരു കക്ഷിയ്ക്ക് ഉപദേശം നൽകുന്നതിന് ഒരു മെമ്പർ സ്വീകരിച്ച അല്ലെങ്കിൽ മെമ്പർക്ക് ലഭിച്ചേക്കാവുന്ന വേതനത്തിൽ ഉള്ള തർക്കങ്ങൾ ഉൾപ്പെടെ താൽപര്യങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങൾ കക്ഷിയെ അറിയിക്കേണ്ടതാണ്; കൂടാതെ

ii. മെമ്പർക്ക് അറിയാമെങ്കിൽ അല്ലെങ്കില് അറിയേണ്ടതാണെങ്കില് ഇനി പറയുന്ന കാര്യങ്ങളിലെ തർക്കങ്ങളില് കക്ഷിയുടെ താൽപര്യങ്ങള്ക്ക് മുൻഗണന നൽകേണ്ടതാണ്-

1. സ്വന്തം താൽപ്പര്യങ്ങങ്ങളും കക്ഷിയുടെ താത്പര്യങ്ങങ്ങളും; അഥവാ
2. മെമ്പർ ഒരു സാമ്പത്തിക പ്രതിനിധി ആണെങ്കിൽ ബന്ധപ്പെട്ട മെമ്പറുടെ താൽപര്യങ്ങളും കക്ഷിയുടെ താൽപര്യങ്ങളും.

b. പോയിന്റ് 16a.i കീഴിലുള്ള വിവരങ്ങൾ കക്ഷിയ്ക്ക് മനസ്സിലാകുന്ന വിധത്തിൽ രേഖാമൂലം കക്ഷിയ്ക്ക് നൽകേണ്ടതും വിവരങ്ങൾ ലഭിച്ചതായുള്ള രേഖാമൂലമുള്ള അറിയിപ്പ് കക്ഷിയില് നിന്നും നേടേണ്ടതുമാണ്.

c. ഈ വിഭാഗത്തിലെ "പ്രതിഫല തർക്കം" എന്നത് സാമ്പത്തികമോ സാമ്പത്തികമല്ലാത്തതോ കക്ഷിയ്ക്ക് പുറമേ മറ്റേതെങ്കിലും വ്യക്തിയിൽ നിന്ന് കക്ഷിയ്ക്ക് ഉപദേശങ്ങള നൽകുന്നതില് മെമ്പർ നേടുന്നത് അല്ലെങ്കിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നത് എന്ന് അർത്ഥമാക്കുന്നു.

## ബന്ധം അവസാനിപ്പിക്കൽ

31. മെമ്പറിന്റെ ഭാഗത്തും നിന്നും സംഭവിക്കുന്ന വീഴ്ച, മരണം, രാജി, പുറത്താക്കൽ, അല്ലെങ്കിൽ എക്സ്ചേഞ്ച് സർട്ടിഫിക്കറ്റ് റദ്ദാക്കുന്നു തുടങ്ങിയ കാരണങ്ങളാൽ അംഗത്വം അവസാനിക്കുന്നതു കാരണം കമ്മോഡിറ്റി എക്സ്ചേഞ്ചിലെ അംഗത്വം നഷ്ടമാകുകയാണെങ്കിൽ മെമ്പറും ക്ലയന്റും തമ്മിലുള്ള ബന്ധം അവസാനിപ്പിക്കാൻ കഴിയുന്നതാണ്.

32. മറുകക്ഷിയ്ക്ക് ഒരു മാസത്തിൽ കുറയാത്ത സമയത്തിൽ രേഖാമൂലമുള്ള നോട്ടീസ് നൽകി, കാരണമൊന്നും കാണിക്കാതെ, മെമ്പർ,അംഗീകൃത വ്യക്തി, ക്ലയന്റ് എന്നിവർക്ക് അവർ തമ്മിലുള്ള ബന്ധം അവസാനിപ്പിക്കാനുള്ള അവകാശമുണ്ട്. ബന്ധം അവസാനിപ്പിച്ചെ ങ്കിൽത്തന്നെയും, ബന്ധം അവസാനിപ്പിക്കുന്നതിന് മുമ്പ് കക്ഷികൾ ഏർപ്പെട്ടിരുന്ന ഇടപാടുകളിൽ നിന്നും ഉയർന്നു വരുന്ന എല്ലാ അവകാശങ്ങളും, ബാധ്യതകളും ഉത്തരവാദിത്തങ്ങളും അതാത് കക്ഷികളുടെ മേൽ അല്ലെങ്കിൽ അയാളുടെ/അതിന്റെ പിന്തുടർച്ചക്കാർ, നടത്തിപ്പുകാർ, കാര്യനിർവാഹകർ, നിയമപരമായ പ്രതിനിധികൾ, അനന്തരാവകാശി എന്നിവരുടെമേൽ തന്നെ ഉണ്ടായിരിക്കുന്നതായിരിക്കും..

33. അംഗീകൃത വ്യക്തിയുടെ മരണം/ പാപ്പരത്തം അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ അയാളുടെ/ അതിന്റെ ബോർഡിലുള്ള രജിസ്ട്രേഷൻ റദ്ദാക്കിയാൽ അല്ലെങ്കിൽകമ്മോഡിറ്റി എക്സ്ചേഞ്ച് അംഗീകൃത വ്യക്തി എന്ന അംഗീകാരം പിൻവലിക്കുന്നുവെങ്കിൽ കൂടാതെ/അല്ലെങ്കിൽ അംഗീകൃത വ്യക്തിയുമായുള്ള കരാർ മെമ്പർ അവസാനിപ്പിക്കുന്നുവെങ്കിൽ, അത്തരം അവസാനിപ്പിക്കലിനെക്കുറിച്ച് ക്ലയന്റിനെ അറിയിക്കുകയും അതിനെത്തുടർന്ന് ക്ലയന്റിനെ മെമ്പറുമായുള്ള നേരിട്ടുള്ള ക്ലയന്റ് ആയി കരുതപ്പെടുകയും, ഒരു മാസത്തിൽ കുറയാതെയുള്ള രേഖാമൂലമുള്ള നോട്ടീസ് വഴി അവരുടെ ബന്ധം അവസാനിപ്പിക്കാൻ താൽപര്യപ്പെടുന്നു എന്ന് ക്ലയന്റ് മെമ്പറെ അറിയിക്കാത്ത പക്ഷം, അംഗീകൃത വ്യക്തിയെയും മെമ്പറിനേയും നിയന്ത്രിക്കുന്ന 'അവകാശങ്ങളും ഉത്തരവാദിത്തങ്ങളും' പ്രമാണത്തിലെ(ങ്ങളിലെ) എല്ലാ നിബന്ധനകളും പ്രാബല്യത്തിൽ ആയിരിക്കുകയും ചെയ്യും.

### അധിക അവകാശങ്ങളും ഉത്തരവാദിത്തങ്ങളും

34.ട്രേഡ് നടപ്പാക്കപ്പെടുന്ന പ്രസക്തമായ എക്സ്ചേഞ്ചിലെ SEBI-യുടേയും ചട്ടങ്ങൾ, ബൈലോകൾ, ബിസിനസ് നിയമങ്ങൾ, സർക്കുലറുകൾ,

നോട്ടീസുകൾ എന്നിവ പ്രകാരം ക്ലയന്റും മെമ്പറും അവരുടെ അക്കൗണ്ടുകൾ സമയാസമയങ്ങളിൽ പൊരുത്തപ്പെടുത്തുകയും തീർപ്പാക്കുകയും ചെയ്യുക.

35. എക്സ്ചേഞ്ചുകള് സമയാസമയങ്ങളിൽ നിർദ്ദേശിച്ചതു പ്രകാരം, ഓർഡർ നമ്പരുകളുടെ വിശദാംശങ്ങൾ, ട്രേഡ് നമ്പർ, ട്രേഡ് ചെയ്ത സമയം, ട്രേഡ് ചെയ്ത വില, ട്രേഡ് ചെയ്ത അളവ്, റിവേറ്റീവ്സ് കോൺട്രാക്ടുകളുടെ വിശദാംശങ്ങൾ, ക്ലയന്റ് കോഡ്, ബ്രോക്കറേജ്, ഈടാക്കിയ നിരക്കുകൾ തുടങ്ങിയ എല്ലാ ഇടപാടുകളുടേയും രേഖകൾ അടങ്ങിയ ഒരു കോൺട്രാക്ട് നോട്ട് മെമ്പർ ഇഷ്യൂ ചെയ്യേണ്ടതാണ്, കൂടാതെ, അതു സംബന്ധിച്ച മറ്റെല്ലാ പ്രസക്തമായ വിശദാംശങ്ങളും പൂരിപ്പിച്ച് വിപണി നിർദ്ദേശിക്കുന്ന രീതിയിൽ, നിർദ്ദേശിക്കുന്ന സമയത്ത് സമർപ്പിക്കേണ്ടതാണ്. ട്രേഡ് നടപ്പിലാക്കിയതിന്റെ 24 മണിക്കൂറിനുള്ളില്, ഹാർഡ് കോപ്പി കൂടാതെ/ അല്ലെങ്കിൽ ഇലക്ട്രോണിക് മാർഗത്തിൽ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ചുകൊണ്ട് മെമ്പർ നിക്ഷേപകർക്ക് കോൺട്രാക്ട് നോട്ടുകൾ അയയ്ക്കേണ്ടതാണ്.

36. ക്ലയന്റ് മറ്റുവിധത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ, ട്രേഡ് ഇടയ്ക്കിടെ നടപ്പാക്കപ്പെടുന്ന പ്രസക്തമായ എക്സ്ചേഞ്ച് നിയമം, ബൈ-ലാവ്സ്, ബിസിനസ്സ് റൂൾ, സർക്കുലർ എന്നിവയ്ക്ക് വിധേയമായി, ട്രേഡ് നടപ്പാക്കപ്പെടുന്ന പ്രസക്തമായ ഓഹരി വിപണിയിൽ നിന്നുള്ള പേഔട്ട് രസീത് ലഭിച്ചതിന് ശേഷം മെമ്പർ ഫണ്ടുകൾ അല്ലെങ്കിൽ കമ്മോഡിറ്റികളുടെ ഡെലിവറി, ഏതാണോ പ്രസക്തം അത്, ക്ലയന്റിന് അയച്ചു കൊടുക്കേണ്ടതാണ്.

37. ഫണ്ടുകളുടേയും സെക്യൂരിറ്റികളുടേയും സംപൂർണ്ണ 'സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് മെമ്പർ ആ കാലയളവിലെ ബന്ധപ്പെട്ട ഓരോ ക്ലയന്റിനും ട്രേഡ് നടന്ന എക്സ്ചേഞ്ച് കാലാകാലങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള രൂപത്തിലും സമയത്തും അയച്ചു കൊടുക്കേണ്ടതാണ്. മെമ്പറിൽ നിന്നുള്ള സ്റ്റേറ്റ് മെന്റ് ലഭിച്ച ഉടൻ, സ്റ്റേറ്റ്മെന്റിൽ തെറ്റുകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, ട്രേഡ് നടന്ന എക്സ്ചേഞ്ച് കാലാകാലങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള സമയത്ത് ക്ലയന്റ് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും പ്രസ്താവന പ്രസ്ഥാവിക്കുന്നു.

38. മെമ്പർ, മാർജിൻ സ്റ്റേറ്റ്മെന്റുകൾ ക്ലയന്റുകൾക്ക് എല്ലാ ദിവസവും അയച്ചു കൊടുക്കേണ്ടതാണ്. മാർജിൻ സ്റ്റേറ്റ് മെന്റിൽ, മറ്റു പലതിനോടുമൊപ്പം, പണം, ഫിക്സ്ഡ് ഡിപ്പോസിറ്റ് റെസീപ്റ്റ്സ് (FDRs), ബാങ്ക് ഗ്യാരണ്ടി, വെയർഹൌസ് റെസീപ്റ്റ്, സെക്യൂരിറ്റി എന്നിവയുടെ ബ്രേക്ക് - അപ്പിനൊപ്പം, നിക്ഷേപിച്ച കൊളാറ്ററൽ, ഉപയോഗിച്ച കൊളാറ്ററൽ, കൊളാറ്ററലിന്റെ നില (ലഭ്യമായ ബാലൻസ് / ക്ലയന്റിൽ നിന്നുമുള്ള കുടിശ്ശിക) എന്നിവയുടെ വിശദാംശങ്ങളും ഉൾപ്പെടുത്തേണ്ടതാണ്

39. മെമ്പറുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ നിയമപരമായ ശേഷിയും, ആധികാരികതയും താഴെപ്പറയുന്ന ഉത്തരവാദിത്തങ്ങളും വ്യവഹാരങ്ങളും നിറവേറ്റുവാനുള്ള പ്രാപ്തിയും തനിക്കുണ്ടെന്ന് ക്ലയന്റ് ഉറപ്പുവരുത്തേണ്ടതുണ്ട്. എല്ലാ ഇടപാടുകളുടേയും - ക്ലയന്റ് കടന്നിരിക്കാവുന്നതും ഇത്തരം ഇടപാടുകളിൽ കടക്കുന്നതിനു മുമ്പ് ക്ലയന്റ് പൂർത്തീകരിച്ചതുമായ - അനുവർത്തിത്വം ഉറപ്പു വരുത്തുന്നതിനായി എല്ലാ നടപടികളും എടുക്കണം.

40. ഒരു അംഗം അവന്റെ / അവളുടെ / അംഗത്വം സറണ്ടര് ചെയ്യുന്ന സാഹചര്യത്തിൽ നിക്ഷേപകരിൽ നിന്ന് ക്ലെയിമുകൾ സ്വീകരിക്കുന്നതിനു മെമ്പർ ഒരു പൊതുഅറിയിപ്പ് നൽകേണ്ടതാണ്. ഇടപാടുകളുമായി ബന്ധപ്പെട്ട ഒരു ക്ലെയിം എക്സ്ചേഞ്ചിലെ ട്രേഡിങ്ങ് സിസ്റ്റത്തിൽ നിരവഹിക്കുന്ന സാഹചര്യത്തിൽ, നിശ്ചിത കാലയളവിനുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം എക്സ്ചേഞ്ചില് ക്ലെയിം ചെയ്തുവെന്ന് ഉറപ്പാക്കേണ്ടതാണ്.

41.A ഉചിതമല്ലാത്ത പെരുമാറ്റത്തില് നിന്നുള്ള പരിരക്ഷണം എന്നതിൽ തെറ്റിദ്ധരിപ്പിക്കുന്നതും മോശവുമായ പെരുമാറ്റം ഉൾപ്പെടുന്നു

a. സാമ്പത്തിക ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സാമ്പത്തിക സേവനങ്ങളുമായി ബന്ധപ്പെട്ട് ഉചിതമല്ലാത്ത പെരുമാറ്റം നിരോധിച്ചിരിക്കുന്നു.
b. "ഉചിതമല്ലാത്ത പെരുമാറ്റം" എന്നതിൽ അറിവോടെയുള്ള ഇടപാടുകൾക്കുള്ള തീരുമാനം എടുക്കുന്നതിനുള്ള കക്ഷിയുടെ ശേഷിയെ ഗണ്യമായി കോട്ടംവരുത്തുകയോ ഗണ്യമായി കോട്ടംവരുത്തുവാൻ സാധ്യത ഉള്ളതുമായ ഒരു മെമ്പറുടെ അല്ലെങ്കിൽ സാമ്പത്തിക പ്രതിനിധിയുടെ ഏതെങ്കിലും പ്രവർത്തികൾ അല്ലെങ്കിൽ ഒഴിവാക്കലുകൾ എന്ന് അർത്ഥമാക്കുന്നു, അതിൽ ഉൾപ്പെടുന്നവ -
    i. പോയിന്റ് 41.B പ്രകാരം തെറ്റിദ്ധരിപ്പിക്കുന്ന പെരുമാറ്റം
    ii. പോയിന്റ് 41.C പ്രകാരം അധിക്ഷേപകരമായ പെരുമാറ്റം
    iii. വ്യക്തമാക്കുന്നത് പോലുള്ള മറ്റ് പെരുമാറ്റം.

41.B.

a. തീരുമാനം എടുക്കേണ്ട ഒരു ഘടകത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഒരു മെമ്പർ അല്ലെങ്കിൽ സാമ്പത്തിക പ്രതിനിധിയുടെ പെരുമാറ്റം അത് ഇടപാട് സംബന്ധമായ ഒരു ഒരു തീരുമാനം എടുക്കുന്നതിൽ കാരണമാകുക അല്ലെങ്കിൽ കാരണമാകാന് സാദ്ധ്യത ഉണ്ടായിരിക്കുക അല്ലാത്ത പക്ഷം കക്ഷി മറ്റുതരത്തിൽ സ്വീകരിക്കുമായിരുന്നില്ല, പെരുമാറ്റത്തില് ഉൾപ്പെടുന്നവയാണ് -
    i. കൃത്യമല്ലാത്ത വിവരം അല്ലെങ്കിൽ മെമ്പർ അല്ലെങ്കിൽ സാമ്പത്തിക പ്രതിനിയ്ക്ക്ധി ശരിയാണെന്ന് വിശ്വാസമില്ലാത്ത വിവരങ്ങള് കക്ഷിയ്ക്ക് നൽകുന്നത്; അഥവാ
    ii. വഞ്ചനാപരമായ വിധത്തിൽ കക്ഷ്യ്ക്ക് കൃത്യമല്ലാത്ത വിവരങ്ങൾ നൽകുന്നത്.

b. പോയിന്റ് 41.B.a പ്രകാരം ഒരു പെരുമാറ്റം തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് തീരുമാനിക്കുന്നതിൽ, താഴെ പറയുന്ന ഘടകങ്ങൾ "നിർണ്ണായക ഘടകങ്ങൾ" ആയി കണക്കാക്കേണ്ടതാണ് -
   i. സവിശേഷതകൾ, ആനുകൂല്യങ്ങൾ ഉപഭോക്താവിനുള്ള അപകടസാധ്യതകൾ ഉൾപ്പെടെ ഒരു സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനത്തിന്റെ പ്രധാന സവിശേഷതകള്;
   ii. ഒരു പ്രത്യേക സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനം അല്ലെങ്കിൽ കക്ഷിയ്ക്ക് അതിനോടുള്ള അനുയോജ്യത;
   iii. സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനത്തിനുള്ള പ്രതിഫലം അല്ലെങ്കിൽ പ്രതിഫലം കണക്കാക്കുന്ന വിധം;
   iv. സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക കരാറിലെ ഏതെങ്കിലും വ്യവസ്ഥകളുടെ അസ്തിത്വം, ഒഴിവാക്കലുകള് അല്ലെങ്കിൽ സ്വാധീനം;
   v. വ്യക്തിത്വം,റെഗുലേറ്ററി സ്റ്റാറ്റസ്, അഫിലിയേഷനുകൾ ഉൾപ്പെടെ മെമ്പറുടെ സ്വഭാവം, ഗുണങ്ങൾ, അവകാശങ്ങള്;
   vi. ഏതെങ്കിലും നിയമം അല്ലെങ്കിൽ നിയന്ത്രണങ്ങള് പ്രകാരമുള്ള കക്ഷിയുടെ അവകാശങ്ങൾ.

41.C.

a. ഒരു സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനവുമായി ബന്ധപ്പെട്ടു മെമ്പർ അല്ലെങ്കിൽ സാമ്പത്തിക പ്രതിനിധിയുടെ പെരുമാറ്റം ഇനിപറയുന്ന പ്രകാരമെങ്കിൽ മോശമാണെന്ന് കരുതുന്നതാണ് -
   i. ബലാൽക്കാരേണയുള്ള അല്ലെങ്കിൽ അനർഹമായ സ്വാധീനത്തിന്റെ ഉപയോഗം ഉൾപ്പെട്ടിരിക്കുക; കൂടാതെ
   ii. ഇടപാട് സംബന്ധമായ ഒരു ഒരു തീരുമാനം എടുക്കുന്നതിൽ കാരണമാകുക അല്ലെങ്കിൽ കാരണമാകാന് സാദ്ധ്യത ഉണ്ടായിരിക്കുക അല്ലാത്ത പക്ഷം കക്ഷി മറ്റുതരത്തിൽ സ്വീകരിക്കുമായിരുന്നില്ല.

b. ഒരു പെരുമാറ്റം ബലാൽക്കാരേണയുള്ള അല്ലെങ്കിൽ അനർഹമായ സ്വാധീനം ഉപയോഗിച്ചതാണെന്ന് നിർണ്ണയിക്കുന്നതിൽ, ചുവടെയുള്ളവ പരിഗണിക്കേണ്ടതാണ് -
   i. പെരുമാറ്റം നടന്ന സമയം,സ്ഥലം, സ്വഭാവം അല്ലെങ്കിൽ ശാഠ്യം;
   ii. ഭീഷണി അല്ലെങ്കിൽ മോശപ്പെട്ട ഭാഷ സ്വഭാവമോ ഉപയോഗം;
   iii. ഒരു സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ സാമ്പത്തിക സേവനത്തെ സംബന്ധിച്ചു കക്ഷിയുടെ തീരുമാനത്തെ സ്വാധീനിക്കാൻ മെമ്പർക്ക് അറിവുള്ള കക്ഷിയുടെ നിർഭാഗ്യത്തെയോ അല്ലെങ്കിൽ സാഹചര്യത്തെയോ ചൂഷണം ചെയ്യുക;
   iv. ഒരു സാമ്പത്തിക കരാർ പ്രകാരമുള്ള അവകാശങ്ങൾ സംരക്ഷിക്കാൻ ഒരു കക്ഷി ആഗ്രഹിക്കുമ്പോൾ കരാർ-ഇതര തടസങ്ങൾ മെമ്പർ നാടപ്പിലാക്കുക, ഉൾപ്പെടുന്നു -
   v. സാമ്പത്തിക കരാർ അവസാനിപ്പിക്കാനുള്ള അവകാശം;
   vi. മറ്റൊരു സാമ്പത്തിക ഉൽപ്പന്നം അല്ലെങ്കിൽ മെമ്പറിലേക്ക് മാറുവാനുള്ള അവകാശം

vii. എന്തെങ്കിലും നടപടി കൈക്കൊള്ളുന്നതിനുള്ള ഭീഷണി, ഭീഷണി നടത്തിയ സാഹചര്യത്തെ ആശ്രയിച്ച്.

**ഇലക്ട്രോണിക് കോൺട്രാക്ട് നോട്ട്സ് (ECN)**

42. കോൺട്രാക്ട് നോട്ട് ഇലട്രോണിക് മാർഗത്തിൽ ലഭിക്കുവാൻ ക്ലയന്റ് തിരഞ്ഞെടുക്കുന്നെങ്കിൽ, അദ്ദേഹം, ശരിയായ ഒരു ഇ-മെയിൽ ഐഡി (കക്ഷി ഉണ്ടാക്കിയത്) മെമ്പറിനു നൽകേണ്ടതാണ് (അപ്പെൻഡിക്സ് എ യിലെ അനെക്സ്ചർ 3 ദയവായി കാണുക). ഇതുമായി ബന്ധപ്പെട്ടു കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിയമങ്ങൾ, ബിസിനസ് നിയമങ്ങൾ, ബൈ-ലാവ്സ്, സർക്കുലറുകൾ എല്ലാം പാലിക്കുന്നുണ്ടെന്ന് മെമ്പർ ഉറപ്പുവരുത്തേണ്ടതാണ്. ഇ-മെയിൽ ഐഡിയിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്നെങ്കിൽ, ഒരു കത്തു വഴി ക്ലയന്റ്, മെമ്പറിനെ അറിയിക്കേണ്ടതാണ്. ക്ലയന്റ് ഇന്റർനെറ്റ് ട്രേഡിംഗിന് തിരഞ്ഞെടുക്കുന്നെങ്കിൽ, ക്ലയന്റ് -നിർദ്ദിഷ്ടമായ യൂസർ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് പ്രവേശിക്കാവുന്ന മാർഗത്തിലൂടെ ഇ-മെയിൽ ഐഡി മാറ്റത്തിനുള്ള അപേക്ഷ അയയ്ക്കാവുന്നതാണ്.

43. ഇസിഎൻ വഴി അയയ്ക്കുന്ന ഇ-മെയിലുകൾ ഡിജിറ്റലായി ഒപ്പു വച്ച തും എൻക്രിപ് റ്റഡും, കേടുപാടുവരുത്താൻ കഴിയാത്തതും IT ആക്റ്റ്, 2000-ന്റെ വ്യവസ്ഥകൾ പാലിക്കുന്നതുമായിരിക്കും. ECN, ഒരു അറ്റാച്ച് മെന്റായി ഇ-മെയിൽ വഴിയാണ് അയയ്ക്കുന്നതെങ്കിൽ, അറ്റാച്ച്മെന്റ് ഫയൽ ഡിജിറ്റൽ സിഗ്നേച്ചറും, എൻക്രിപ്റ്റഡും കേടുപാടുവരുത്താൻ കഴിയാത്ത രീതിയിലും സുരക്ഷിതമായിരിക്കണം.

44. മെമ്പറിന് 'ബൗൺസ്ഡ് മെയിൽ നോട്ടിഫിക്കേഷൻ ലഭിക്കുന്നില്ലെങ്കിൽ, ക്ലയന്റിന്റെ ഇ-മെയിലിലേയ്ക്ക് കോൺട്രാക്ട് നോട്ട് ഡെലിവർ ആയിട്ടുണ്ടെന്ന് പരിഗണിക്കും.

45. IT ആക്റ്റ് 2000-ന്റെ വ്യവസ്ഥകൾ പ്രകാരവും, SEBI/ കമ്മോഡിറ്റി എക്സ്ചേഞ്ച്ഇടയ്ക്കിടെ പുറത്തിറക്കുന്ന നിലവിലിരിക്കുന്ന ചട്ടങ്ങൾ// മാർഗനിർദ്ദേശങ്ങൾ എന്നിവയ്ക്കനുസരിച്ചും ഓഹരി വിപണി നിർദ്ദേശിച്ച രീതിയിൽ മെമ്പർ, ഇസിഎൻ-ഉം ഇ-മെയിലിന്റെ അക്നോളജ്മെന്റും ഒരു സോഫ്റ്റ്, കേടുവരുത്താൻ കഴിയാത്ത രൂപത്തിൽ സൂക്ഷിക്കണം. മെയിൽ അയച്ചതിന്റെതെളിവ്, അതായത് കോൺട്രാക്ട് നോസ് അയച്ച സമയത്ത് സിസ്റ്റം സൃഷ്ടിച്ച ലോഗ് റിപ്പോർട്ട്, SEBI-യുടെ/കമ്മോഡിറ്റി എക്സ്ചേഞ്ചിന്റെ നിലവിലിരിക്കുന്ന നിയന്ത്രണങ്ങൾ നിർദ്ദേശിച്ച പ്രകാരം നിശ്ചിത കാലഘട്ടം മെമ്പർ സൂക്ഷിക്കണം. ക്ലയന്റിനു ഡെലിവറി ചെയ്യപ്പെടാത്ത കോൺട്രാക്ട് നോട്ട്സിന്റേയും/ റിജക്ട് ആയതും ബൗൺസ് ബാക്ക് ആയതുമായ ഇ-മെയിലുകളുടെ വിശദാംശങ്ങൾ ലോഗ് റിപ്പോർട്ടിൽ ഉണ്ടായിരിക്കണം. എല്ലായ് പ്പോഴും SEBI-യുടെ/ കമ്മോഡിറ്റി എക്സ്ചേഞ്ചിന്റെ നിലവിലിരിക്കുന്ന നിയന്ത്രണങ്ങൾ നിർദ്ദേശിച്ച പ്രകാരം, ബൗൺസ് ആയ അല്ലെങ്കിൽ റിജക്ട് ആയ മെയിലുകളുടെ നോട്ടിഫിക്കേഷന്റെ കൈപ്പറ്റൽ ഉറപ്പാക്കുവാൻ മെമ്പർ കഴിയുന്ന എല്ലാ നടപടികളും എടുക്കണം.

46. ഇലക്ട്രിക്കൽ രൂപത്തിൽ കോൺട്രാക്ട് നോട്ടുകൾ സ്വീ കരിക്കി ല്ലാ എന്നു തിരഞ്ഞെടുത്ത ക്ലയന്റുകൾക്ക്, മെമ്പർ, ഭൗതിക രീതിയിൽ കോൺട്രാക്ട് നോട്ടുകൾ അയച്ചുകൊണ്ടിരിക്കണം. ക്ലയന്റിന് ECN അയച്ചു കൊടുത്തിട്ടില്ല എങ്കിലോ അല്ലെങ്കിൽ, ക്ലയന്റിന്റെ ഇ മെയിൽ ഐഡി അതു തിരസ്കരിച്ചെങ്കിലോ (ബൗൺസ് ചെയ്ത് മെയിലുകൾ), SEBI-യുടെ / കമ്മോഡിറ്റി എക്സ്ചേഞ്ചിന്റെ നിലവിലിരിക്കുന്ന നിയന്ത്രണങ്ങൾ,നിയമങ്ങൾ, ബൈലാകൾ, ബിസിനസ് റൂൾ, സർക്കുലറുകൾ നിർദ്ദേശിച്ച പ്രകാരം മെമ്പർ, നിർദ്ദിഷ്ട സമയത്തിനകം ക്ലയന്റിന് ഭൗതിക കോൺട്രാക്ട് നോട്ട് അയച്ചു കൊടുക്കണം.

47. ECN-കളുടെ ഇമെയിൽ വിനിമയം കൂടാതെ, ECN അദ്ദേഹത്തിന് നിയുക്തമായ വെബ് സൈറ്റിൽ, ഏതെങ്കിലും ഉണ്ടെങ്കിൽ, മെമ്പർ സുരക്ഷിതമായ രീതിയിൽ പ്രസിദ്ധീകരിക്കുകയും ക്ലയന്റിന് പ്രവേശനം സാധ്യമാക്കുകയും, കൂടാതെ ഈ ഉദ്ദേശ്യത്തിനായി, കോൺട്രാക്ട് നോട്ട് ഇലക്ട്രാണിക് ആയി സേവ് ചെയ്യാനും കൂടാതെ/ അല്ലെങ്കിൽ അതിന്റെ പ്രിന്റ് ഔട്ട് എടുക്കാനും ക്ലയന്റിനെ സഹായിക്കുന്ന ഒരു സവിശേഷമായ യൂസർനെയിമും പാസ് വേർഡും നൽകണം.

48. കോൺട്രാക്റ്റ് നോട്ട് ഇലക്ട്രോണിക് രൂപത്തിൽ ലഭിക്കുവാനായി തിരഞ്ഞെടുത്ത കക്ഷികളിൽ നിന്നും ഇലക്ട്രോണിക് കോൺട്രാക്റ്റ് നോട്ട് (ECN) ഡിക്ലറേഷൻ ഫോം വാങ്ങേണ്ടതാണ്. കക്ഷി റദ്ദാക്കുന്നതുവരെ ഡിക്ലറേഷൻ സാധുതയുള്ളതായി തുടരുന്നതാണ്.

## നിയമവും അധികാര പരിധിയും

49. ഈ പ്രമാണത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിർദ്ദിഷ്ട അവകാശങ്ങൾ കൂടാതെ, ക്ലയന്റ് ട്രേഡ് ചെയ്യാൻ തിരഞ്ഞെടുത്ത ഓഹരി വിപണിയുടെ ചട്ടങ്ങളും, ബൈലോകളും, നിയന്ത്രണങ്ങളും കൂടാതെ അതിൻകീഴിൽ പുറപ്പെടുവിച്ച സർക്കുലർ/നോട്ടീസുകൾ അല്ലെങ്കിൽ SEBI-യുടെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും കീഴിലുള്ള മറ്റ് ഏത് അവകാശങ്ങളും വിനിയോഗിക്കാൻ മെമ്പർക്കും, അംഗീകൃത വ്യക്തിയ്ക്കും അല്ലെങ്കിൽ ക്ലയന്റിനും അവകാശമുണ്ടായിരിക്കും.

50. സർക്കാർ വിജ്ഞാപനങ്ങൾ, ഏതെങ്കിലും ചട്ടങ്ങൾ, , മാർഗനിർദ്ദേശങ്ങൾ കൂടാതെ, SEBI പുറത്തിറക്കുന്ന സർക്കുലറുകൾ/ നോട്ടീസുകൾ, ട്രേഡ് നടപ്പിലാക്കുന്ന പ്രസക്തമായ കമ്മോഡിറ്റി എക്സ്ചേഞ്ചിന്റെ, കാലാകാലങ്ങളിൽ പ്രാബല്യത്തിലാകുന്ന സർക്കുലറുകള്, ചട്ടങ്ങൾ, , ബൈലോസ് എന്നിവയ്ക്ക് എല്ലായ്പ്പോഴും വിധേയമായിരിക്കും ഈ ഡോക്യുമെന്റിലെ വ്യവസ്ഥകൾ.

51. ആർബിട്രേഷൻ ആന്റ് കൺസീലിയേഷൻ ആക്ട്, 1996 പ്രകാരം ആർബിട്രേറ്റർ (മാർ)പുറപ്പെടുവിച്ച വിധി മെമ്പർമാരും ക്ലയന്റുകളും പാലിക്കേണ്ടതാണ്. എന്നിരുന്നാലും, ആർബിട്രേഷൻ വിധിയിൽ

ഏതെങ്കിലും കക്ഷി അതൃപ്തനാണെങ്കിൽ, അപ്പീൽ നൽകാനുള്ള വ്യവസ്ഥയുമുണ്ട്.

52. ഈ പ്രമാണത്തിൽ സൂചിപ്പിച്ചിരിക്കുന്നതും, എന്നാൽ ഇതിങ്കൽ വ്യാഖ്യാനിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പ്രതീകങ്ങൾക്കും, സാഹചര്യം മറ്റൊരുതരത്തിൽ ആവശ്യപ്പെടുന്നില്ലെങ്കിൽ, എക്സ്ചേഞ്ച് /SEBI-യ്ക്കു കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളും ബൈലോകളും, നിയന്ത്രങ്ങളും ബിസിനസ്സ് നിയമങ്ങൾ നിർണ്ണയിക്കുന്ന അതേ അർത്ഥമായിരിക്കും ഉണ്ടായിരിക്കുക.

53. മെമ്പർ കൂട്ടിച്ചേർക്കുന്ന അധിക സ്വേച്ഛാനുസാരമായ ക്ലോസുകൾ/പ്രമാണങ്ങൾ, എക്സ്ചേഞ്ച്/SEBI-യുടെ ചട്ടങ്ങൾ/ ബിസിനസ്സ് നിയമങ്ങൾ/നോട്ടീസുകൾ/ സർക്കുലറുകൾ എന്നിവയ്ക്കു വിരുദ്ധമായിരിക്കും. ക്ലോസുകൾ/പ്രമാണ(ങ്ങൾ)ത്തിലെ മാറ്റങ്ങൾ നടപ്പാക്കുന്നതിനു മുമ്പ് 15 ദിവസത്തെ നോട്ടീസ് നൽകേണ്ടതാണ്. എക്സ്ചേഞ്ച്/SEBI നിർദ്ദേശിച്ചിരിക്കുന്ന അവകാശങ്ങളിലും ഉത്തരവാദിത്തങ്ങളിലും വരുത്തുന്ന ഏതെങ്കിലും മാറ്റങ്ങൾ ക്ലയന്റുകളുടെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്.

54. SEBI-യുടെ ചട്ടങ്ങളിലും ബിസിനസ് നിയമങ്ങളിലും, ട്രേഡ് ചെയ്യാൻ തിരഞ്ഞെടുത്ത പ്രസക്തമായ കമ്മോഡിറ്റി എക്സ്ചേഞ്ചിന്റെ ചട്ടങ്ങളിലും, ബൈലോകളിലും, നിയന്ത്രണങ്ങളിലും സംഭവിക്കുന്ന മാറ്റങ്ങൾ കാരണം കക്ഷികളുടെ അവകാശങ്ങളിലും ഉത്തരവാദിത്തങ്ങളിലും മാറ്റങ്ങൾ ഉണ്ടാകുകയാണെങ്കിൽ, അത്തരം മാറ്റങ്ങൾ, ഈ പ്രമാണത്തിൽ സൂചിപ്പിച്ചിരിക്കുന്ന അവകാശങ്ങളിലും ഉത്തരവാദിത്തങ്ങളിലുമുള്ള ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നു കരുതപ്പെടേണ്ടതാണ്.

55. മെമ്പർ എല്ലാ മാസവും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട് കക്ഷികൾക്ക് അയയ്ക്കേണ്ടതാണ്

## മെമ്പർ ക്ലയന്റുകൾക്കു നൽകുന്ന ഇന്റർനെറ്റും, വയർലെസ് ടെക് നോളജി അടിസ്ഥാനമാക്കിയ ട്രേഡിംഗ് സൗകര്യങ്ങളും

**('*അവകാശങ്ങളും ഉത്തരവാദിത്തങ്ങളു*'*ടെയും* പ്രമാണത്തിൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾ ബാധകം. കൂടാതെ, ഇവിടെ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകളും ബാധകമാണ്.)**

1. ഇന്റർനെറ്റ് പ്രോട്ടോകോൾ (IP) ഉപയോഗിക്കുന്ന മൊബൈൽ ഫോൺ, ഡാറ്റാ കാർഡോടു കൂടിയ ലാപ് ടോപ്പ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്ന വയർലെസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇന്റർനെറ്റ് അടിസ്ഥാനമാക്കിയ ട്രേഡിംഗ് (IBT) സൗകര്യങ്ങൾ നൽകുവാൻ മെമ്പറിന് അർഹതയുണ്ട്. SEBI അല്ലെങ്കിൽ എക്സ്ചേഞ്ച് സമയാസമയങ്ങളിൽ നിർദ്ദേശിക്കുന്ന പോലെ, വയർലെസ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന, ഇന്റർനെറ്റ് അടിസ്ഥാനട്രേഡിംഗ് /കമ്മോഡിറ്റി ട്രേഡിംഗിന് ബാധകമായ ആവശ്യകതകൾ മെമ്പർ പാലിക്കേണ്ടതാണ്.

2. ക്ലയന്റിന് കമ്മോഡിറ്റീസിൽ നിക്ഷേപിക്കാൻ/ ട്രേഡിംഗ് നടത്തുവാൻ താൽപര്യപ്പെടുകയും, ഈ ഉദ്ദേശ്യത്തിനായി, ഒന്നുകിൽ ഇന്റർനെറ്റ് അടിസ്ഥാന ട്രേഡിംഗ് സൗകര്യമോ അല്ലെങ്കിൽ വയർലെസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് കമ്മോഡിറ്റീസ് ട്രേഡിംഗ് നടത്തുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയുമാണെങ്കിൽ, മെമ്പർ, തന്റെ IBT സേവനം ക്ലയന്റിനു നൽകേണ്ടതാണ്, കൂടാതെ ക്ലയന്റ്, മെമ്പറിന്റെ ഐബിടി വെബ് സൈറ്റ് നിർദ്ദേശിക്കുന്ന വ്യവസ്ഥകളും ചട്ടങ്ങളും അനുസരിച്ചും SEBI/ ഓഹരി വിപണി എന്നിവയുടെ വ്യവസ്ഥകൾ അനുസരിച്ചും മെമ്പറിന്റെ IBT സേവനം ഉപയോഗിക്കേണ്ടതാണ്.

3. വയർലെസ് സാങ്കേതിക വിദ്യ/ ഇന്റർനെറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും സാങ്കേതിക വിദ്യയിലൂടെ നടത്തുന്ന കമ്മോഡിറ്റികളുടെ ട്രേഡിംഗുമായി ബന്ധപ്പെട്ട പ്രത്യേകതകളും, നഷ്ടസാധ്യതകളും, ഉത്തരവാദിത്തങ്ങളും, ചുമതലകളും ബാധ്യതകളും മെമ്പർ ക്ലയന്റിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്.

4. മെമ്പറിന്റെ ഐബിടി സംവിധാനം അതിന്റെ പ്രാഥമിക പാസ്‌വേർഡ് രൂപീകരിക്കുമെന്നും അതിന്റെ പാസ് വേർഡ് നയങ്ങൾ എക്സ്ചേഞ്ച്/ സെബി നിഷ്കർഷിച്ച വ്യവസ്ഥകൾക്ക് വിധേയമായിരിക്കുമെന്നും മെമ്പർ ക്ലയന്റിനെ അറിയിക്കേണ്ടതുണ്ട്.

5. യൂസർനെയിമും പാസ്വേർഡും രഹസ്യമായും സുരക്ഷിതമായും സൂക്ഷിക്കേണ്ടത് ക്ലയന്റിന്റെ ഉത്തരവാദിത്തമാണ്. ക്ലയന്റിന്റെ യൂസർനെയിമും പാസ്വേർഡും ഉപയോഗിച്ച് മെമ്പറിന്റെ IBT സംവിധാനത്തിലൂടെ ഏതൊരാൾ വഴിയും, അത് അങ്ങനെ ചെയ്യാൻ അംഗീകാരപ്പെടുത്തിയ വ്യക്തി ആയാലും ഇല്ലെങ്കിലും, നടത്തുന്ന ഓർഡറുകൾക്കും ഇടപാടുകൾക്കും ക്ലയന്റ് മാത്രമായിരിക്കും ഉത്തരവാദി. വയർലെസ് സാങ്കേതിക വിദ്യയിലൂടെയും ഓർഡർ റൂട്ടഡ് സംവിധാനത്തിലൂടെയും നടത്തുന്ന ഇന്റർനെറ്റ് ട്രേഡിംഗും/ കമ്മോഡിറ്റികളുടെ ട്രേഡിംഗും കർശനമായ സുരക്ഷാ നടപടികളും അധികാരപ്പെടുത്തൽ സാങ്കേതിക വിദ്യകളും ആവശ്യമാണെന്ന് ക്ലയന്റ് ബോധ്യപ്പെട്ടിരിക്കേണ്ടതാണ്, കൂടാതെ, മെമ്പറുടെ ജീവനക്കാർ, ഡീലർമാർ തുടങ്ങിയ മൂന്നാം കക്ഷികൾക്ക് ക്ലയന്റിന്റെ/ അദ്ദേഹത്തിന്റെ അധികാരപ്പെടുത്തിയ പ്രതിനിധിയുടെ പാസ്വേർഡ് വെളിപ്പെടുത്താൻ പാടുള്ളതുമല്ല.

6. ക്ലയന്റ് തന്റെ പാസ്വേർഡ് മറന്നു പോകുന്നെങ്കിലോ, മെമ്പറിന്റെ ഐബിടി സംവിധാനത്തിൽ സുരക്ഷാ പാളിച്ചകൾ കണ്ടെത്തുന്നെങ്കിലോ, പൊരുത്തക്കേടുകൾ, യൂസർ നെയിം/ പാസ് വേർഡ് / അക്കൗണ്ടിലൂടെ അനധികൃത പ്രവേശനം കണ്ടെത്തുന്നെങ്കിലോ/ സംശയിക്കുന്നെങ്കിലോ, ക്ലയന്റ് ഉടൻ തന്നെ അനധികൃത ഉപയോഗം, അതിന്റെ തീയതി, വിധം, ഈ അനധികൃത ഉപയോഗത്താൽ ബാധിക്കപ്പെട്ട ഇടപാടുകൾ എന്നിവയുടെ പൂർണ്ണമായ വിശദവിവരങ്ങളോടെ ഉടൻതന്നെ രേഖാമൂലം മെമ്പറിനെ അറിയിക്കേണ്ടതാണ്.

7. വയർലെസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇന്റർനെറ്റ് / കമ്മോഡിറ്റികളുടെ ഓർഡർ റൂട്ടിംഗ് ചെയ്യുന്ന സേവനം ഉപയോഗപ്പെടുത്തുമ്പോൾ അതുമായി ബന്ധപ്പെട്ട അപകട സാധ്യതകളെക്കുറിച്ച് ക്ലയന്റ് ബോധവാനായിരിക്കേണ്ടതാണ്. ക്ലയന്റിന്റെ യൂസർ നെയിം/ പാസ്‌വേർഡ് ഉപയോഗിച്ചു നടത്തുന്ന ഏത് പ്രവൃത്തികൾക്കും, ഏതു രീതിയിലും ക്ലയന്റ് തന്നെയായിരിക്കും ഉത്തരവാദി.

8. ക്ലയന്റിന്റെ അപേക്ഷ അനുസരിച്ച്, ഓർഡർ/ ട്രേഡ് കൺഫർമേഷൻ ഇമെയിൽ വഴി മെമ്പർ, ക്ലയന്റിന് അയച്ചു കൊടുക്കേണ്ടതാണ്. ഓർഡർ/ ട്രേഡ് കൺഫർമേഷൻ വെബ് പോർട്ടലിലും ലഭ്യമാണെന്ന് ക്ലയന്റ് അറിഞ്ഞിരിക്കേണ്ടതാണ്. ക്ലയന്റ് ട്രേഡിംഗ് നടത്താൻ വയർലെസ് സാങ്കേതിക വിദ്യ ആണ് ഉപയോഗിക്കുന്നതെങ്കിൽ, മെമ്പർ, ഓർഡർ/ ട്രേഡ് കൺഫർമേഷൻ ക്ലയന്റിന്റെ ഉപകരണത്തിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

9. ഇന്റർനെറ്റ് വഴി ട്രേഡിംഗ് നടത്തുന്നത്, വളരെയധികം അനിശ്ചിതമായ ഘടകങ്ങൾ, സങ്കീർണ്ണമായ ഹാർഡ് വെയർ, സോഫ്റ്റ് വെയർ, സംവിധാനങ്ങൾ, വാർത്താവിനിമയ ലൈനുകൾ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നതും തടസങ്ങൾക്കും തകരാറുകൾക്കും വിധേയവുമാണ്. മെമ്പറിന്റെ ഐബിടി സേവനം എല്ലായ്പ്പോഴും തടസമൊന്നും കൂടാതെ ക്ലയന്റിനു ലഭിക്കുമെന്ന് മെമ്പറോ ഓഹരി വിപണിയോ ബോധ്യപ്പെടുത്തുന്നതോ ഉറപ്പു നൽകുന്നതോ ആയിരിക്കില്ല.

10. ഓഹരി വിപണിയുടെ/ മെമ്പറിന്റെ നിയന്ത്രണത്തിനു അതീതമായ കാരണങ്ങൾ കൊണ്ട് മെമ്പറിന്റെ ഐബിടി സംവിധാനം അല്ലെങ്കിൽ സേവനം, അല്ലെങ്കിൽ ഓഹരി വിപണിയുടെ സേവനം അല്ലെങ്കിൽ സംവിധാനങ്ങൾ എന്നിവയിൽ എന്തെങ്കിലും താമസം, തടസം, അലഭ്യത, തകരാർ സംഭവിച്ചാലോ അല്ലെങ്കിൽ ക്ലയന്റ്/മെമ്പർ/ ഓഹരിവിപണി എന്നിവിടങ്ങളിലെ ലിങ്ക്/സിസ്റ്റം എന്നിവയുടെ തകരാറു മൂലം അദ്ദേഹത്തിന്റെ ഓർഡർ നടപ്പിലാകാതെ വന്നാലോ, ക്ലയന്റിന് അവകാശവാദങ്ങൾ ഒന്നും ഉന്നയിക്കാൻ കഴിയുന്നതല്ല.

## അനുബന്ധം-2

# അപകട സാദ്ധ്യത വെളിപ്പെടുത്തുന്ന രേഖ [RISK DISCLOSURE DOCUMENT]

ഈ പ്രമാണത്തിലെ വെളിപ്പെടുത്തലുകളുടെ പൂർണ്ണത, അനുയോജ്യത, കൃത്യത എന്നിവയെ സംബന്ധിച്ച് സ്റ്റോക്ക് എക്സ്ചേഞ്ച് പ്രത്യക്ഷമായോ പരോക്ഷമായോ ഉറപ്പു നൽകുകയോ ഏതെങ്കിലും പ്രതിനിധാനം ചെയ്യുകയോ, അല്ലെങ്കിൽ സ്റ്റോക്ക് എക്സ്ചേഞ്ച്, കമ്മോഡിറ്റി ഡെറിവേറ്റീവ് (Commodity Derivatives) മാർക്കറ്റ്/ ട്രേഡിംഗ് വിഭാഗത്തിൽ പങ്കെടുക്കുന്നതിന്റെ യോഗ്യത സാക്ഷ്യപ്പെടുത്തുകയോ അല്ലെങ്കിൽ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഈ സംക്ഷിപ്ത പ്രസ്താവന, ട്രേഡിംഗിന്റെ എല്ലാ നഷ്ട സാധ്യതകളും മറ്റു സുപ്രധാന വശങ്ങളും വെളിപ്പെടുത്തുന്നില്ല. അതുകൊണ്ട്, ഡെറിവേറ്റീവ് ട്രേഡിംഗില് നിങ്ങൾ പങ്കുചേരുന്നതിന് മുമ്പ് അതിനെക്കുറിച്ച് വിശദമായി പഠിക്കേണ്ടതാണ്.

നഷ്ട സാധ്യതകൾ ഉൾപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, നിങ്ങൾ പ്രവേശിക്കാൻ പോകുന്ന കരാറിൻറെ രൂപത്തിലുള്ള ബന്ധത്തിന്റെ സ്വഭാവം മനസിലാക്കിയതിനു ശേഷംമാത്രം നിങ്ങൾ ഇടപാടുകൾ നടത്തുകയും നഷ്ടസാധ്യതയ്ക്ക് വെളിപ്പെടുകയും ചെയ്യുക.

വിവിധ തരങ്ങളിലുള്ള നഷ്ടസാധ്യതാ ഘടകങ്ങൾ ഉള്ള, കമ്മോഡിറ്റി എക്സ്ചെയ്ഞ്ചില് (Commodity Exchanges) നിക്ഷേപിക്കപ്പെടുന്ന കമ്മോഡിറ്റി ഷെയർ കോൺട്രാക്റ്റ് / ഡെറിവേറ്റീവ് കോൺട്രാക്ടുകള് അല്ലെങ്കിൽ മറ്റ് ആധാരങ്ങളും, പരിമിതമായ സ്രോതസുകൾ/പരിമിതമായ നിക്ഷേപങ്ങൾ അല്ലെങ്കിൽ/കൂടാതെ പരിമിതമായ വിപണന അനുഭവവും കൂടാതെ കുറഞ്ഞ നഷ്ടസാധ്യതാ സഹിഷ്ണുതയും ഉള്ളവർക്കുള്ള ശരിയായ ഒരു പാത അല്ല എന്നു അറിഞ്ഞിരിക്കുകയും അംഗീകരിക്കുകയും വേണം. ആയതിനാൽ, സാമ്പത്തികസ്ഥിതിയ്ക്കു യോജിച്ചതാണോ ഇത്തരം ട്രേഡിംഗ് എന്നു നിങ്ങൾ ശ്രദ്ധയോടെ പരിഗണിക്കേണ്ടതാണ്. നിങ്ങൾ എക്സ്ചെയ്ഞ്ചില് ട്രേഡിംഗ് നടത്തുകയും പ്രതികൂലമായ അനന്തരഫലങ്ങളോ നഷ്ടമോ ഉണ്ടാകുകയുമാണെങ്കിൽ, നിങ്ങൾ മാത്രമായിരിക്കും അതിന്റെ പൂർണ്ണ ഉത്തരവാദി, കൂടാതെ എക്സ്ചെയ്ഞ്ച് ഒരു കാരണവശാലും മേൽപ്പറഞ്ഞതിന് ഉത്തരവാദിയായിരിക്കുന്നതല്ല. കൂടാതെ, ഉൾപ്പെട്ടിരിക്കുന്ന നഷ്ട സാധ്യതകളെക്കുറിച്ച് മതിയായ വെളിപ്പെടുത്തലുകൾ നടത്തിയില്ല അല്ലെങ്കിൽ, ബന്ധപ്പെട്ട മെമ്പർ (Members / Stock Brokers) ഉൾപ്പെട്ടിരിക്കുന്ന നഷ്ട സാധ്യതകളെക്കുറിച്ച് പൂർണ്ണമായി വിശദീകരിച്ചു തന്നിരുന്നില്ല എന്നോ നിങ്ങൾക്ക് വാദിക്കാൻ കഴിയുന്നതായിരിക്കില്ല. കക്ഷി മാത്രമായിരിക്കും അനന്തരഫലങ്ങൾക്ക് പൂർണ്ണ ഉത്തരവാദി, കൂടാതെ, ഒരു കോൺട്രാക്ടും ആ അക്കൗണ്ടിലേയ്ക്ക് തിരികെയാക്കാനും കഴിയില്ല.

പർച്ചേസ് ഓർഡറുകൾ നടപ്പിലാക്കുമ്പോഴും കൂടാതെ/അല്ലെങ്കിൽ എക്സ്ചെയ്ഞ്ചില് ട്രേഡിംഗ് ചെയ്യപ്പെടുന്ന കമ്മോഡിറ്റി ഡെറിവേറ്റീവുകൾ വിൽപന നടത്തുമ്പോഴും ലാഭത്തിന് ഒരു ഉറപ്പുമില്ലെന്നും അല്ലെങ്കിൽ നഷ്ടം

സംഭവിക്കുന്നതിൽ നിന്നും ഒഴിവാകാൻ കഴിയില്ലെന്നും നിങ്ങൾ അറിഞ്ഞിരിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.

ഒരു മെമ്പർ മുഖേനയുള്ള എക്സ്ചേഞ്ചിലെ നിങ്ങളുടെ ഇടപാടുകൾ, മെമ്പർ സ്ഥാപിച്ച ചില ഉപചാരങ്ങൾ പൂർത്തിയാക്കുന്നതിന് വിധേയമാണെന്ന് നിങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടതാണ്. നിങ്ങളുടെ കക്ഷിയെ അറിയുക ഫോം (നോ യുവർ ക്ലയന്റ് ഫോം) പൂരിപ്പിക്കുക.ബാധകമായ ഓഹരി വിപണികളുടെ ചട്ടങ്ങൾ, ബൈലോകൾ, ബിസിനസ് നിയമങ്ങൾ, അതിന്റെ ക്ലിയറിംഗ് കോർപ്പറേഷൻ, SEBI സമയാസമയങ്ങളിൽ പ്രഖ്യാപിക്കുന്നതും നടപ്പിൽ വരുത്തുന്നതുമായ മാർഗനിർദ്ദേശങ്ങൾ, എക്സ്ചേഞ്ച് സമയാസമയങ്ങളിൽ പ്രഖ്യാപിക്കുന്നതും നടപ്പിൽ വരുത്തുന്നതുമായ സർക്കുലറുകൾ എന്നിവ അവയിൽ ഉൾപ്പെടുന്നു.

ഈ പ്രമാണത്തിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വിവരത്തിനെ അടിസ്ഥാനപ്പെടുത്തി, ഏതെങ്കിലും ഒരു വ്യക്തി എക്സ്ചേഞ്ചിലെ ഏതെങ്കിലും മെമ്പറുമായി ബിസിനസ് ഇടപാടുകളിൽ ഏർപ്പെട്ടാൽ എക്സ്ചേഞ്ച് അവർക്ക് എന്തെങ്കിലും ഉപദേശം നൽകുകയോ നൽകാൻ ഉദ്ദേശിക്കുകയോ ആരോടും ബാധ്യതയുള്ളവരായിരിക്കുകയോ ഇല്ല. ഈ പ്രമാണത്തിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വിവരം ബിസിനസ് ഉപദേശം / നിക്ഷേപ ഉപദേശമായി വ്യാഖ്യാനിക്കാൻ പാടുള്ളതല്ല. വിപണനത്തിൽ ഉൾപ്പെട്ടിരിക്കുന്ന അപകടസാധ്യതകൾ നല്ലതുപോലെ മനസിലാക്കാതെയും പരിശോധിക്കാതെയും അത്തരം വിപണനത്തിൽ ഏർപ്പെടുന്നത് പരിഗണിക്കാൻ പാടില്ല. നിങ്ങൾക്ക് ഒരു കാര്യത്തെക്കുറിച്ച് ഉറപ്പില്ലെങ്കിൽ,അതിനെക്കുറിച്ച് നിങ്ങൾക്ക് വിദഗ്ധോപദേശം തേടാവുന്നതാണ്.

നിങ്ങൾ ട്രേഡിംഗ് ചെയ്യാൻ പരിഗണിക്കുന്നെങ്കില് നിങ്ങൾ താഴെപ്പറയുന്നവയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതുണ്ട്:

1. **എക്സ്ചേഞ്ചില് കമ്മോഡിറ്റി ഫ്യൂച്ചർ കോൺട്രാക്റ്റുകളുടെയും മറ്റ് കമ്മോഡിറ്റി ഡെറിവേറ്റീവ് ഇൻസ്ട്രുമെന്റുകളുടെയും വ്യാപാരത്തില് ഉൾപ്പെട്ടിരിക്കുന്ന അടിസ്ഥാന നഷ്ടസാദ്ധ്യതകള്.**

i. **ഉയർന്ന അസ്ഥിരതയുടെ നഷ്ട സാധ്യത:**
കമ്മോഡിറ്റി എക്സ്ചേഞ്ചിൽ വിപണന പ്രക്രിയകൾ നടക്കുമ്പോൾ ഒരു കമ്മോഡിറ്റി ഡെറിവേറ്റീവ്സ് കോൺട്രാക്ടുകളുടെ വിലയിൽ ദ്രുതഗതിയിലുണ്ടാകുന്ന മാറ്റത്തെയാണ് അസ്ഥിരത എന്നു പറയുന്നത്. സാധാരണയായി, കമ്മോഡിറ്റി ഡെറിവേറ്റീവ്സ് കോൺട്രാക്ടുകളുടെ അസ്ഥിരത വർദ്ധിക്കുമ്പോൾ വിലയിലെ വ്യതിയാനങ്ങളും വർദ്ധിക്കുന്നു. സജീവമായി ട്രേഡിംഗ് ചെയ്യപ്പെടുന്ന കമ്മോഡിറ്റികളേക്കാളും അത്ര സജീവമല്ലാതെ ട്രേഡിംഗ് ചെയ്യപ്പെടുന്ന കമ്മോഡിറ്റി ഡെറിവേറ്റീവ് കോൺട്രാക്ടുകളിലാണ് സാധാരണയായി കൂടുതൽ അസ്ഥിരത കാണപ്പെടുന്നത്. അസ്ഥിരതയുടെ ഫലമായി നിങ്ങളുടെ ഓർഡർ ഭാഗികമായി നടപ്പിലാക്കപ്പെടുകയോ അല്ലെങ്കിൽ നടപ്പിലാക്കപ്പെടാതിരിക്കുകയോ ചെയ്യാം. അല്ലെങ്കിൽ, നിങ്ങളുടെ

ഓർഡർ നടപ്പിലാക്കിയ വില, അവസാനം ട്രേഡിംഗ് ചെയ്ത് വിലയിൽ നിന്നും വളരെ വ്യത്യസ്തമോ അല്ലെങ്കിൽ അതിനു ശേഷം ഗണ്യമായ മാറ്റങ്ങൾ സംഭവിക്കുകയോ ചെയ്യാം. ഇത് നഷ്ടത്തിലേയ്ക്ക് നയിച്ചേക്കാം.

ii. **താഴ്ന്ന ലികിഡിറ്റിയുടെ നഷ്ടസാധ്യത:**

a. കോംപെറ്റിറ്റീവ് വിലയിൽ അലെങ്കിൽ വിലയിൽ അധികം വ്യത്യാസങ്ങളില്ലാതെ കമ്മോഡിറ്റി ഡെറിവേറ്റീവ് കോൺട്രാക്ടുകൾ വളരെയധികം വാങ്ങിക്കൂട്ടുന്നതിനുള്ള വിപണി പങ്കാളിയുടെ കഴിവിനെയാണ് ലികിഡിറ്റി എന്നു കൊണ്ടുദ്ദേശിക്കുന്നത്. സാധാരണയായി ഒരു മാർക്കറ്റിൽ കൂടുതൽ ഓർഡറുകൾ ലഭ്യമാണെങ്കിൽ, ലികിഡിറ്റിയും വളരെ ഉയർന്നതായിരിക്കും എന്നാണ് അനുമാനിക്കപ്പെടുന്നത്. ലികിഡിറ്റി വളരെ പ്രധാനമാണ്, കാരണം, കൂടുതൽ ലികിഡിറ്റിയുണ്ടെങ്കിൽ, കമ്മോഡിറ്റി ഡെറിവേറ്റീവ് കോൺട്രാക്ടുകൾ വലിയ വില വ്യത്യാസമില്ലാതെ എളുപ്പം വാങ്ങനോ അല്ലെങ്കിൽ വിൽക്കാനോ കഴിയും. തൽഫലമായി, നിക്ഷേപകർക്ക്, വിൽക്കുന്ന അല്ലെങ്കിൽ വാങ്ങുന്ന കമ്മോഡിറ്റി ഡെറിവേറ്റീവ് കോൺട്രാക്ടുകൾക്ക് മെച്ചപ്പെട്ട വില നൽകാനും ലഭിക്കാനുമുള്ള വർദ്ധിച്ച സാധ്യതയുണ്ടാകും. സജീവ കമ്മോഡിറ്റി ഡെറിവേറ്റീവ് കോൺട്രാക്ടുകളെ അപേക്ഷിച്ച് ചില കമ്മോഡിറ്റി ഡെറിവേറ്റീവ് കോൺട്രാക്ടുകളിൽ താഴ്ന്ന ലികിഡിറ്റിയുടെ നഷ്ടസാധ്യതയുണ്ടാകാറുണ്ട്. തൽഫലമായി, നിങ്ങളുടെ ഓർഡർ ഭാഗികമായി നടപ്പിലാക്കപ്പെട്ടേക്കാം, അല്ലെങ്കിൽ വളരെ വലിയ വില വ്യത്യാസത്തോടെ നടപ്പിലാക്കപ്പെട്ടേക്കാം, ചിലപ്പോൾ നടപ്പാക്കപ്പെടാതെയും വന്നേക്കം.

b. വാങ്ങുക / നൽകുന്നത് സൂചിപ്പിക്കാതെ വിൽക്കുക അല്ലെങ്കിൽ ചില കമ്മോഡിറ്റികളുടെ ഡെലിവറി എടുക്കുക എന്നിവ ചെയ്യുന്നത് നഷ്ടത്തിനു കാരണമായേക്കാം. കാരണം, ഇത്തരം സാഹചര്യങ്ങളിൽ കമ്മോഡിറ്റി ഡെറിവേറ്റീവ് കോൺട്രാക്ടുകൾ, പ്രതീക്ഷിക്കുന്ന വിലയേക്കാൾ ഉയർന്നതോ താഴ്ന്നതോ ആയ വിലയിൽ കമ്മോഡിറ്റി ഡെറിവേറ്റീവ്സ് കോൺട്രാക്ട് വാങ്ങുകയോ/വിൽക്കുകയോ ചെയ്യപ്പെടും. അതിനാൽ കമ്മോഡിറ്റി ഡെറിവേറ്റീവ് കോൺട്രാക്ടുകൾ നൽകാനോ സ്വീകരിക്കാനോ ഉള്ള ചുമതല ഇല്ലാതെ വരുന്നു.

iii. **വിശാലമായ സ്പ്രെഡുകളുടെ നഷ്ട സാധ്യത:**

a. ബെസ്റ്റ് സെല്ലിന്റേയും ബെസ്റ്റ് ബൈയുടേയും വ്യത്യാസമാണ് സ്പ്രെഡ്. ഒരു കമ്മോഡിറ്റി ഡെറിവേറ്റീവ്സ് കോൺട്രാക്ട് വാങ്ങി അപ്പോൾത്തനെ വിൽക്കുമ്പോൾ അല്ലെങ്കിൽ മറിച്ചും ചെയ്യുമ്പോൾ ഉണ്ടാകുന്ന വ്യത്യാസത്തെ അത് പ്രതിനിധാനം ചെയ്യുന്നു. കുറഞ്ഞ ലികിഡ് അല്ലെങ്കിൽ ഇല്ലികിഡ് കമ്മോഡിറ്റി/ കമ്മോഡിറ്റി ഡെറിവേറ്റീവ്സ് കോൺട്രാക്ടുകളുടെ സാധാരണയിലും വിശാലമായ സ്പ്രെഡുകൾ താഴ് ന്ന ലികിഡിറ്റിയും ഉയർന്ന അസ്ഥിരതയ്ക്കും കാരണമാകും. ഇത് മികച്ച വില രൂപപ്പെടുന്നതിനെ ബാധിക്കും.

iv. **നഷ്ട സാധ്യത കുറയ്ക്കുന്ന ഓർഡറുകൾ:**

a. മിക്കവാറുമുള്ള എക്സ്ചേഞ്ചുകൾ നിക്ഷേപകർക്ക് "ലിമിറ്റ് ഓർഡറുകൾ", "സ്റ്റോപ്പ് ലോസ് ഓർഡറുകൾ" പ്ലെയ്സ് ചെയ്യാനുള്ള സൗകര്യം നൽകുന്നു. ഒരു പ്രത്യേക തുകയുടെ നഷ്ടം തടയുന്നതിനായി നടത്തുന്ന ഓർഡറുകളുടെ പ്ലേസിംഗ് (ഉദാഹരണത്തിന് 'സ്റ്റോപ്പ് ലോസ്' അല്ലെങ്കിൽ 'ലിമിറ്റ്' ഓർഡറുകൾ) ചിലപ്പോഴൊക്കെ ഫലപ്രദമാകാതെ വന്നേക്കാം. കാരണം, വിപണിയിലെ ദ്രുത ഗതിയിലുള്ള മാറ്റങ്ങൾ ആ ഓർഡറുകളുടെ നടപ്പാക്കാൻ അസാധ്യമാക്കിത്തീർക്കും.

b. എതിർവശത്ത് ഓർഡറുകൾ ലഭ്യമാണെങ്കിൽ വിലയും മറ്റും കണക്കിലെടുക്കാതെ ഒരു "മാർക്കറ്റ് " ഓർഡർ ശരിയായ രീതിയിൽ നടപ്പിലാക്കപ്പെടും. ഒരു ഉപഭോക്താവിന് ഒരു ശരിയായ 'മാർക്കറ്റ്' ഓർഡർ നടപ്പിലാക്കിക്കിട്ടുമ്പോൾ, പ്രൈസ് ടൈം മുൻഗണനയിൽ, ഓർഡറിന്റെ വലിപ്പത്തെ തൃപ്തിപ്പെടുത്തുന്ന ഔട്ട്സ് റ്റാന്റിംഗ് ഓർഡറുകളുടെ ലഭ്യമായ വിലയിലായിരിക്കും ഓർഡർ നടപ്പിലാക്കുന്നത്. ഈ വിലകൾ അവസാനം ട്രേഡിംഗ് ചെയ്ത വിലയിൽനിന്നും വളരെ വ്യത്യസ്തമോ അല്ലെങ്കിൽ ആ കമ്മോഡിറ്റി ഡെറിവേറ്റീവ്സ് കോൺട്രാക്ടിന്റെ മികച്ച വിലയിലോ ആയിരിക്കും.

c. ഓർഡറിന് നിർദ്ദേശിക്കപ്പെട്ട 'ലിമിറ്റ്' പ്രൈസ് അല്ലെങ്കിൽ ഒരു മികച്ച വിലയിൽ മാത്രമേ ഒരു 'ലിമിറ്റ് ' ഓർഡർ നടപ്പാക്കപ്പെടുകയുള്ളൂ.

d. ഒരു കമ്മോഡിറ്റി ഡെറിവേറ്റീവ്സ് കോൺട്രാക്ടിന്റെ അപ്പോഴത്തെ വിലയിൽ നിന്നും മാറിയായിരിക്കും ഒരു 'സ്റ്റോപ്പ് ലോസ് ഓർഡർ' പ്ലേസ് ചെയ്യുന്നത്. കോൺട്രാക്ട് 'സ്റ്റോപ്പ് പ്രൈസി'ൽ എത്തുമ്പോൾ അല്ലെങ്കിൽ ട്രേഡിംഗ് ചെയ്യുമ്പോൾ മാത്രമായിരിക്കും അത്തരം ഓർഡറുകൾ സജീവമാകുന്നത്. നിലവിലെ വിലയ്ക്കും താഴെയായിരിക്കും സാധാരണയായി 'സെൽ സ്റ്റോപ്പ് ' ഓർഡറുകൾ പ്രവേശിക്കുന്നത്. നിലവിലെ വിലയ്ക്കും മുകളിലായിരിക്കും സാധാരണയായി 'ബൈ സ്റ്റോപ്പ്' ഓർഡറുകൾ പ്രവേശിക്കുന്നത്. കോൺട്രാക്ട്, മുൻനിശ്ചയിച്ച പ്രകാരമുള്ള വിലയിൽ എത്തുമ്പോൾ, അല്ലെങ്കിൽ ആ വിലയിലൂടെ കടന്നു പോകുമ്പോൾ, സ്റ്റോപ്പ് ലോസ് ഓർഡർ ഒരു മാർക്കറ്റ് /ലിമിറ്റ് ഓർഡർ ആയി പരിവർത്തനപ്പെടുകയും അതിന്റെ പരിധിയിൽ അല്ലെങ്കിൽ മികച്ചതിൽ നടപ്പാക്കപ്പെടുകയും ചെയ്യും. അതിനാൽ, കോൺട്രാക്ട് മുൻനിശ്ചയിച്ച പ്രകാരമുള്ള വിലയിലേയ്ക്കു കയറുന്നതു വരെ ലിമിറ്റ് ഓർഡർ നടപ്പിലാക്കപ്പെടും എന്ന് ഒരു ഉറപ്പും ഇല്ല. ഈ അവസരത്തിൽ ഇത്തരം ഓർഡറുകൾ നടപ്പിലാക്കപ്പെടുകയില്ല എന്ന നഷ്ട സാധ്യത ഉയർന്നു വരും, ഒരു സാധാരണ ലിമിറ്റ് ഓർഡറിൽ എന്ന പോലെ.

v **വാർത്താ പ്രഖ്യാപനങ്ങളുടെ നഷ്ട സാധ്യത:**

a. കമ്മോഡിറ്റീസ് (Commodities) / കമ്മോഡിറ്റീസ് ഡെറിവേറ്റീവ്സ് കോൺട്രാക്ടിനെ ബാധിക്കുന്ന, ട്രേഡിംഗ് സമയത്തും താഴ്ന്ന ലിക്വിഡിറ്റിയും ഉയർന്ന അസ്ഥിരതയും ഒരുമിച്ചു വരുന്ന സമയത്തും സംഭവിക്കുന്ന ട്രേഡർമാർ / നിർമാതാക്കൾ നടത്തുന്ന പ്രഖ്യാപനങ്ങൾ

വളരെപ്പെട്ടെന്ന് കമ്മോഡിറ്റീസ്/ കമ്മോഡിറ്റീസ് ഡെറിവേറ്റീവ്സ് വിലയിൽ അപ്രതീക്ഷിതമായ നെഗറ്റീവ് ചലനങ്ങൾക്ക് കാരണമായേക്കാം.

vi **കിംവദന്തികളുടെ നഷ്ടസാധ്യതകൾ:**

a. പറഞ്ഞു പരത്തുന്നതും, വർത്തമാനപത്രം, വെബ്സൈറ്റ്, ന്യൂസ് ഏജൻസികൾ തുടങ്ങിയവയിൽക്കൂടിയു കമ്മോഡിറ്റിയുടെ വിലയെ സംബന്ധിച്ച കിംവദന്തികൾ ചിലപ്പോഴൊക്കെ വിപണിയിൽ പരക്കാറുണ്ട്. നിക്ഷേപകർ ഇത്തരം കിംവദന്തികളിൽ ജാഗരൂകരായിരിക്കുകയും നടപടികൾ ഒന്നും എടുക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

vii **സംവിധാനത്തിലെ നഷ്ടസാധ്യതകൾ:**

a. വിപണി തുറക്കുന്ന ഉടനേയും അവസാനിക്കുന്നതിനു മുമ്പും ഉയർന്ന നിരക്കിൽ ട്രേഡിംഗ് നടക്കാറുണ്ട്. ഇത്തരം ഉയർന്ന ട്രേഡിംഗ് ദിവസത്തിന്റെ ഏതു സമയത്തും സംഭവിക്കാവുന്നതാണ്. ഓർഡറുകൾ നടപ്പാക്കുന്നതിനും ഉറപ്പു വരുത്തുന്നതിനും ഇത് കാലതാമസം വരുത്താറുണ്ട്.

b. അസ്ഥിരതയുടെ സമയത്ത്, വിപണി പങ്കാളികൾ അവരുടെ ഓർഡറുകൾ അല്ലെങ്കിൽ വില തുടർച്ചയായി മാറ്റിക്കൊണ്ടിരിക്കുമ്പോൾ ഓർഡറുകളുടെ നിർവഹണവും സ്ഥിരീകരണവും വൈകുന്നതാണ്.

c. വിൽപന സൈഡിൽ നിന്നോ വാങ്ങൽ സൈഡിൽ നിന്നോ ഔട്ട് സ്റ്റാൻഡിംഗ് ഓർഡറുകൾ ഒന്നുമില്ലെങ്കിൽ അല്ലെങ്കിൽ അസാധാരണമായ ട്രേഡിംഗ് പ്രവർത്തനം കാരണം അല്ലെങ്കിൽ വില സർക്യൂട്ട് ഫിൽട്ടേഴ്സിൽ എത്തുന്നെങ്കിൽ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണത്താൽ കമ്മോഡിറ്റിയില് ട്രേഡിംഗ് നിലയ്ക്കുന്നുവെങ്കിൽ ചില മാർക്കറ്റ് അവസ്ഥകളിൽ, ഒരു ന്യായമായ വിലയിലോ അല്ലെങ്കിൽ അല്ലാതെയോ മാർക്കറ്റിലെ ഒരു പൊസിഷനിൽ ലിക്വിഡേറ്റ് ചെയ്യുന്നത് വളരെ ബുദ്ധിമുട്ടാണ്, ചിലപ്പോഴൊക്കെ അസാധ്യവും.

viii **സിസ്റ്റം/നെറ്റ്വർക്ക് കൺജെസ്റ്റൻ:**

a. എക്സ്ചേഞ്ചിലെ ട്രേഡിംഗ് ഇലക്ട്രോണിക് മോഡിലുള്ളതാണ്. ഓർഡറുകൾ പ്ലേസ് ചെയ്യാനും റൂട്ട് ചെയ്യാനും സാങ്കേതിക വിദ്യയും കംപ്യൂട്ടർ സംവിധാനവും ചേർന്നുള്ള ഒരു സാറ്റലൈറ്റ് /ലീസ്ഡ് ലൈൻ അടിസ്ഥാനമാക്കിയുള്ള വാർത്താവിനിമയമാണ് ഉപയോഗിക്കുന്നത്. അതിനാൽ, പ്രക്രിയകളിലെ താമസം, ഓർഡറുകൾ മൊത്തമായോ ഭാഗികമായോ വിൽക്കാനോ വാങ്ങാനോ കഴിയാതെ വരിക എന്നിവയ്ക്കൊക്കെ കാരണമാകുന്ന ട്രേഡിംഗ് സിസ്റ്റം/നെറ്റ്വർക്ക് തുടങ്ങിയവ അക്സസ് ചെയ്യാൻ കഴിയാതെയാക്കുന്ന വിനിമയത്തകരാർ, കംപ്യൂട്ടർ സംവിധാനത്തിന്റെ തകരാർ, മെല്ലെയും വൈകിയുമുള്ള പ്രതികരണം, ട്രേഡിംഗ് നിലയ്ക്കൽ കൂടാതെ മറ്റു പ്രശ്നങ്ങൾ എന്നിങ്ങനെ നിയന്ത്രണാതീതമായ പ്രശ്നങ്ങൾ സംഭവിക്കാനുള്ള സാധ്യതയുണ്ട്. ഈ പ്രശ്നങ്ങളൊക്കെ

സാധാരണയായി താൽക്കാലികമാണെങ്കിലും, നിങ്ങൾ ഔട്ട് സ്റ്റാൻഡിംഗ് ഓപ്പൺ പൊസിഷനിലോ അല്ലെങ്കിൽ നടപ്പിലാകാത്ത ഓർഡറുകൾ ഉള്ള അവസ്ഥയിലാണെങ്കിലോ, ഇത് ഒരു അപകട സാധ്യതയായി നിലനിൽക്കുന്നു, കാരണം നടപ്പിലാക്കപ്പെട്ട എല്ലാ ഇടപാടുകളും തീർപ്പു കൽപ്പിക്കേണ്ടത് നിങ്ങളുടെ കടമയാണ്.

2. **ഫ്യൂച്ചർ ഡെറിവേറ്റീവ് കമ്മോഡിറ്റിയെ സംബന്ധിച്ച്, ദയവായി താഴെപ്പറയുന്ന അധിക പ്രത്യേകതകളെക്കുറിച്ച് ബോധവാനായിരിക്കുക:**

**''ലിവറേജ്'' അഥവാ ''ഗിയറിങ്'' ഫലങ്ങൾ:**

a. കമ്മോഡിറ്റി ഡെറിവേറ്റീവ്സ് കോൺട്രാക്ടിന്റെ മൂല്യത്തെ അപേക്ഷിച്ച് മാർജിൻ തുക വളരെ ചെറുതാണ്, അതിനാൽ ഇടപാടുകളെല്ലാം "ലിവെറേജ്ഡ്" അല്ലെങ്കിൽ 'ഗിയേർഡ്' ആകും. സാധാരണയായി ചെറിയ മാർജിൻ തുകയ്ക്ക് ട്രേഡിംഗ് ചെയ്യപ്പെടുന്ന കമ്മോഡിറ്റി ഡെറിവേറ്റീവുകൾ, പ്രിൻസിപ്പൽ ഇൻവെസ്റ്റ്മെന്റ് തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ ലാഭത്തിനുള്ള സാധ്യത നൽകുന്നു. പക്ഷേ കമ്മോഡിറ്റി ഡെറിവേറ്റീവുകളിലെ ഇടപാടുകൾക്ക് വളരെ ഉയർന്ന അപകടസാധ്യതയുള്ളതാണ്. അതിനാൽ, കമ്മോഡിറ്റി ഡെറിവേറ്റീവ് കോൺട്രാക്റ്റുകളിൽ ട്രേഡിംഗ് നടത്തുന്നതിനു മുമ്പ് താഴെ പറയുന്ന പ്രസ്താവനകൾ നല്ലതുപോലെ മനസിലാക്കുകയും തങ്ങളുടെ സാമ്പത്തിക സ്രോതസും ചുറ്റുപാടുകളും അനുസരിച്ച് ബദ്ധ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

b. കമ്മോഡിറ്റി ഡെറിവേറ്റീവ്സ് ട്രേഡിംഗിൽ, എല്ലാ പൊസിഷനുകളുടേയും ദിവസേനയുള്ള സെറ്റിൽമെന്റ് ഉൾപ്പെടുന്നു. എല്ലാ ദിവസവും ഓപ്പൺ പൊസിഷനുകൾ, ക്ലോസിംഗ് വിലയെ അടിസ്ഥാനമാക്കി മാർക്കറ്റിൽ മാർക്കു ചെയ്യും. നിങ്ങൾക്കെതിരായാണ് കോൺട്രാക്ട് ചലിക്കുന്നതെങ്കിൽ, അത്തരം ചലനം കൊണ്ട് നിങ്ങൾക്കു നഷ്ടമാകുന്ന മാർജിൻ (സാങ്കൽപികം), നിങ്ങൾ നിക്ഷേപിക്കേണ്ടതായി വരും. ഒരു നിശ്ചിത സമയത്തിനുള്ളിൽത്തന്നെ ഈ തുക നിക്ഷേപിക്കേണ്ടതായി വരും, സാധാരണയായി അടുത്ത ദിവസം ട്രേഡിംഗ് ആരംഭിക്കുന്നതിനു മുമ്പ്.

c. കാലാവധിയ്ക്കു മുമ്പ് ആ അധിക മാർജിൻ നിക്ഷേപിക്കുവാൻ നിങ്ങൾ പരാജയപ്പെടുന്നെങ്കിൽ അല്ലെങ്കിൽ ഒരു ഔട്ട്സ്റ്റാൻഡിംഗ് ഡെബ്റ്റ് നിങ്ങളുടെ അക്കൗണ്ടിൽ ഉണ്ടാകുകയാണെങ്കിൽ, മെമ്പർ, പൊസിഷന്റെ ഒരു ഭാഗം അല്ലെങ്കിൽ മുഴുവനും ലിക്വിഡേറ്റ്/സ്ക്വയർ-അപ്പ് ചെയ്യുന്നതായിരിക്കും. ഈ സാഹചര്യത്തിൽ, അത്തരം സ്ക്വയർ-അപ്പ്/ക്ലോസ് -ഔട്ടുകൾ കാരണമുണ്ടാകുന്ന ഏതു നഷ്ടത്തിനും നിങ്ങൾ തന്നെയായിരിക്കും ഉത്തരവാദി.

d. ചില പ്രത്യേക മാർക്കറ്റ് അവസ്ഥകളിൽ, ഇടപാടുകൾ നടത്തുന്നത് നിക്ഷേപകന് അസാധ്യമായി വരും. ഉദാഹരണത്തിന്, ഇത്തരം അവസ്ഥകൾ ലിക്വിഡിറ്റി പോലെയുള്ള ഘടകങ്ങൾ കൊണ്ട് സംഭവിക്കാം. അതായത്, വില പരിമിതി അല്ലെങ്കിൽ സർക്യൂട്ട് ബ്രേക്കറുകൾ തുടങ്ങിയവ കാരണം അപര്യാപ്തമായ ബിഡ് അല്ലെങ്കിൽ ഓഫറുകൾ, അല്ലെങ്കിൽ ട്രേഡിംഗിന്റെ നിർത്തിവയ്ക്കൽ എന്നിവ ഉണ്ടാകുകയാണെങ്കിൽ.

e. മാർജിൻ നിരക്കിലെ മാറ്റങ്ങൾ, ക്യാഷ് മാർജിൻ നിരക്ക് അല്ലെങ്കിൽ മറ്റുള്ളവയുടെ വർദ്ധനവ് എന്നിവ വിപണി സ്ഥിരത നിലനിർത്തുന്നതിലേക്കായി സ്വീകരിച്ചേക്കാം. നിലവിലെ ഓപ്പൺ ഇന്ററസ്റ്റിൽ ഈ പുതിയ നടപടികൾ നടപ്പിലാക്കാവുന്നതാണ്. ഇത്തരം അവസ്ഥകളിൽ, അധികം മാർജിനുകൾ നിലനിർത്തേണ്ടതായോ നിങ്ങളുടെ പൊസിഷനുകൾ കുറയ്ക്കേണ്ടതായോ വന്നേക്കാം.

f. നിങ്ങൾ ട്രേഡ് നടത്താൻ ആലോചിക്കുന്ന കമ്മോഡിറ്റി ഡെറിവേറ്റീവ്സ് കോൺട്രാക്ടുകളെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും നൽകാൻ നിങ്ങളുടെ എക്സ്ചേഞ്ചിലെ മെമ്പറോട് ആവശ്യപ്പെടാം. അതായത്, കോൺട്രാക്ട് പ്രത്യേകതകളും അതുമായി ബന്ധപ്പെട്ട കടമകളും.

3. **വയർലെസ് സാങ്കേതിക വിദ്യയിലൂടെയുള്ള ട്രേഡിംഗ്**

വയർലെസ് ടെക്നോളജി അല്ലെങ്കിൽ മറ്റേതെങ്കിലും സാങ്കേതിക വിദ്യയിലൂടെ ട്രേഡ് ചെയ്യപ്പെടുന്ന കമ്മോഡിറ്റിയുടെ പ്രത്യേകതകൾ, നഷ്ട സാധ്യതകൾ, ഉത്തര വാദിത്തങ്ങൾ എന്നിവ വ്യാഖ്യാനിക്കുന്ന ഏതെങ്കിലും അധിക പ്രൊവിഷനുകളെക്കുറിച്ച് മെമ്പർ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നതായിരിക്കും.

4. **പൊതുവായത്**

**i. നിക്ഷേപിച്ച് പണവും വസ്തുവകകളും**

നിങ്ങൾക്ക് നിക്ഷേപിച്ച പണം അല്ലെങ്കിൽ മറ്റ് സ്വത്തുക്കളുടെ പരിരക്ഷണം പ്രത്യേകിച്ച് പാപ്പരത്തം അല്ലെങ്കിൽ കടക്കാരനാകുന്ന സാഹചര്യത്തിൽ നിങ്ങൾക്ക് പരിചിതമായിരിക്കേണ്ടതാണ്. നിങ്ങളുടെ പണം അല്ലെങ്കിൽ സ്വത്ത് വീണ്ടെടുക്കുവാനുള്ള പരിധി നിർദ്ദിഷ്ട നിയമനിർമാണം അല്ലെങ്കിൽ പ്രാദേശിക നിയമങ്ങൾ പ്രകാരം നിയന്ത്രിക്കപ്പെട്ടേക്കാം. ചില അധികാരപരിധിയിൽ, നിങ്ങളുടെ സ്വന്തം എന്ന പോലെ തിരിച്ചറിയുന്നവ, ഷോർട്ട്ഫാൾ സംഭവിക്കുന്ന സാഹചര്യത്തിൽ പണം വിതരണം ചെയ്യുന്നതുപോലെ പ്രോ-റേറ്റ് ചെയ്യുന്നതാണ്. എക്സ്ചേഞ്ച് അംഗവുമായി എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ, അത് നിയമങ്ങൾ,ബൈലാസ്, എക്സ്ചേഞ്ചിന്റെ ബിസിനസ് ചട്ടങ്ങൾക്ക് നിയമങ്ങൾ അനുസരിച്ച് വിചാരണയ്ക്ക് വിധേയമായിരിക്കും.

**ii. കമ്മീഷനും മറ്റ് ചെലവുകളും**

നിങ്ങൾ ട്രേഡ് ചെയ്യുന്നത് ആരംഭിക്കുന്നതിന് മുമ്പ്, നിങ്ങൾക്ക് ബാദ്ധ്യത ഉണ്ടാകുന്ന കമ്മീഷനുകള്, ഫീസ്, മറ്റ് ചെലവുകൾ എന്നിവയെപ്പറ്റിയുള്ള വ്യക്തമായ വിവരങ്ങൾ തേടേണ്ടതാണ്. നിങ്ങൾ ഉത്തരവാദി ഏത് മറ്റ് ചാർജ്ജുകൾ വ്യക്തമായ വിശദീകരണവും നല്കണം. ഈ ചാർജ്ജുകൾ നിങ്ങളുടെ അറ്റാദായത്തെ സ്വാധീനിക്കുകയോ (ഏതെങ്കിലും) അല്ലെങ്കിൽ നിങ്ങളുടെ നഷ്ടത്തെ വർദ്ധിപ്പിക്കുകയോ ചെയ്യും.

iii. മെമ്പർ, അംഗീകൃത വ്യക്തികൾ (Authorized Persons) , കക്ഷികളുടെ അവകാശങ്ങൾ / കടമകൾക്കായി, ദയവായി അനെക്ചർ 3 കാണുക

iv. കോൺസ്റ്റിറ്റുവന്റ് എന്ന പദം, ഓഹരി വിപണികൾ നൽകുന്ന മെക്കാനിസത്തിൽക്കൂടി കമ്മോഡിറ്റി ഡെറിവേറ്റീവുകള് വാങ്ങുകയും വിൽക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ഒരു മെമ്പറുമായി ഇടപാടു നടത്തുന്ന ക്ലയന്റ് (client / investor), ഉപഭോക്താവ്, അല്ലെങ്കിൽ ഒരു നിക്ഷേപകൻ എന്നിവ അർത്ഥമാക്കുകയും ഉൾപ്പെടുകയും ചെയ്യുന്നു.

v. മെമ്പർ എന്ന പദം, SEBI യിൽ നിന്നും ഒരു രെജിസ്ട്രേഷന് സർട്ടിഫിക്കറ്റ് ഉള്ള ഒരു ട്രേഡിംഗ് മെമ്പർ അല്ലെങ്കിൽ ഒരു മെമ്പർ/ബ്രോക്കർ എന്ന് എക്ചേഞ്ചിനാൽ അർത്ഥമാക്കുകയും ഉൾപ്പെടുകയും ചെയ്യുന്നു.